2014
ഫെബ്രുവരി

Pages 08
Vol: 5
Issue No. 2

# ക്രിസ്തീയ ദർശനം

CHRISTHEEYA DARSANAM

സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016

ഒറ്റ പ്രതി: ₹10



## പെന്തക്കൊസ്തിനോടു വിട ദേവ് മടങ്ങി

### മല്ലപ്പള്ളി നോർത്ത് ബ്രദറൺ അസംബ്ലിയിൽ അംഗത്വം

# സാമൂഹ്യ പ്രതിബദ്ധത അനിവാര്യ ദൗത്യം : കെ. എ. ഫിലിപ്പ്

**പത്തനംതിട്ട.** ക്രിസ്തുദർശനം ഹൃദയത്തിൽ വഹിക്കുന്നവർക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുവാൻ ആവില്ല. മഹാസമ്പന്നനായിരുന്ന യേശു ദരിദ്രരായവരെ സമ്പന്നരാക്കുവാൻ ദരിദ്രനായിത്തീർന്നു എന്നതാണ് സുവിശേഷം. യേശു ഒന്നുമില്ലായ്മക്കാരന്റെ സ്നേഹിതനായിരുന്നു. ബ്രദർ കെ. എ. ഫിലിപ്പ് അനുസ്മരിപ്പിച്ചു.

ക്രിസ്തീയദർശനം വാർത്താപത്രികയുടെ പ്രഥമ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പത്തനംതിട്ട സുവിശേഷാലയത്തിൽ ഫെബ്രുവരി 9 ന് നടന്ന സ്തോത്രയോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

സുവിശേഷവയലിൽ അദ്ധ്വാനങ്ങൾ കഴിച്ച് പ്രതിഫലം ഏറ്റുവാങ്ങുവാനായി കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട പ്രവർത്തകരുടെ ജീവിതപങ്കാളികൾക്ക് രണ്ടു മാസത്തിലൊരിക്കൽ ക്രിസ്തീയ




**ഒരു കൈ സഹായം:** സുജ തോമസ് സഹായം ഏറ്റുവാങ്ങുന്നു. വർഗീസ് തോമസ്, ജോസഫ് മാത്യു, ഒ.റ്റി. ചെറിയാൻ, ബിനു സാമുവേൽ, പി.ജി. ജെയിംസ്, കെ.എ. ഫിലിപ്പ്, പി.ഇ. സാംകുട്ടി, രാജു കെ.തോമസ് എന്നിവർ സമീപം

ദർശനം നൽകുവാനുദ്ദേശിക്കുന്ന സാമ്പത്തിക പ്രോത്സാഹനങ്ങളെ ബ്രദർ ഫിലിപ്പ് ഹൃദയംഗമമായി അഭിനന്ദിച്ചു. സ്വന്തം വയൽ വിസ്തീർണ്ണമാക്കുവാനും ഏതു ഹീനവേഷവും കെട്ടുന്ന ലോക വീക്ഷണത്തിൽനിന്നും വ്യത്യസ്തമായി ഒരു കാൽവയ്പ് ബ്രദർ രാജു കെ. തോമസിന്റെ നേതൃത്വത്തിൽ നടക്കുന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ദരിദ്രരെ ഓർത്തുകൊൾവിൻ എന്ന് അപ്പോസ്തലനായ പത്രോസ് മിഷനറി യാത്രയ്ക്ക് പുറപ്പെടുന്ന പൗലോസിനോടും സഹപ്രവർത്തകരോടും പറഞ്ഞത് ഈ കാലഘട്ടത്തിൽ ഏറെ ശ്രദ്ധേയമായ പ്രമാണമാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

ബ്രദർ ജോസഫ് മാത്യുവിന്റെ പ്രാർത്ഥനയോടെ സമ്മേളനം 3.30 ന് ആരംഭിച്ചു. സമ്മേളനത്തിന്റെ ഉദ്ദേശ്യവും താൽപ്പര്യങ്ങളും സ്വാഗതവും ദർശനം ചീഫ് എഡിറ്റർ വർഗീസ് തോമസ് നിർവ്വഹിച്ചു. ബ്രദറൺ സമൂഹത്തിലും പുറത്തും ഒരുപോലെ ആദരവ് നേടിയ ദർശ

5 →

## കെ. ഇ. എം. ഫണ്ട് അറിയിപ്പ്

കെ.ഇ.എം. ഫണ്ട് പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന ദൈവമക്കളുടേയും സുവിശേഷകന്മാരുടേയും അടിയന്തര ശ്രദ്ധയ്ക്ക്.

1. കെ.ഇ.എം. ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സംഭാവന അയയ്ക്കുന്നവർ ദയവായി വിവരങ്ങൾ അറിയിക്കണം. വിവരങ്ങൾ ലഭിക്കാത്തതിനാൽ ചില സംഭാവനകൾക്ക് രസീത് അയയ്ക്കാൻ കഴിയാത്ത അവസ്ഥയിലാണ്.
ഇതുവരെ രസീതുകൾ ലഭിക്കാത്തവരും വിവരം അറിയിക്കണം.
2. 2013 ഏപ്രിൽ മുതൽ ഉള്ള രസീതുകൾ അയയ്ക്കാത്തവർ എത്രയും വേഗം അയയ്ക്കുന്നില്ലെങ്കിൽ തുടർന്ന് സംഭാവനകൾ അയയ്ക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്.
3. സംഭാവനകൾ ഒപ്പിട്ട് അയയ്ക്കുന്ന രസീതുകളിൽ മേൽവിലാസവും തീയതിയും നിർബന്ധമായി രേഖപ്പെടുത്തണം.
4. 5000/- രൂപയിൽ കൂടുതൽ സംഭാവന ലഭിക്കുന്നവർ രസീതുകളിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിട്ട് അയച്ചു തരണം.

കെ.ഇ.എം. ഫണ്ട് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു പോകുവാൻ പ്രാർത്ഥനയും സഹകരണവും തുടർന്നും ഉണ്ടാകണമെന്ന് ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

കെ.ഇ.എം.ഫണ്ട് കമ്മറ്റിക്കുവേണ്ടി,
**പി.ഇ. സാംകുട്ടി** (സെക്രട്ടറി)

# കാൽ നൂറ്റാണ്ടു പിന്നിടുന്ന ബി.ബി. ഐ.

- 25 വർഷത്തെ ദൈവീക പരിപാലനയ്ക്ക് സ്തോത്രാർപ്പണം.
- 16 -ാമത് ഗ്രാജുവേഷൻ സർവ്വീസ്
- സ്പെഷ്യൽ മീറ്റിംഗ്. ഫെബ്രുവരി 26, 27, 28
- പ്രധാനശുശ്രൂഷകർ: കെ.എം. ജോൺ, തോംസൺ ബി. തോമസ്, ഡോ. ഗ്രേസൺ ജോർജ്







**പത്തനംതിട്ട:** ഭാരതസുവിശേഷവൽക്കരണത്തിന് മുഖ്യപങ്ക് വഹിക്കുന്ന ബ്രദറൺ സമൂഹത്തിന്റെ അഭിമാനമായ ബ്രദറൺ ബൈബിൾ ഇൻസ്റ്റിട്യൂട്ട് രജതജൂബിലി നിറവിൽ. സത്യവചനത്തിന്റെ കാവൽക്കാരാകുവാനുള്ള ദൗത്യമേറ്റെടുത്തിട്ട് 25 വർഷങ്ങൾ പിന്നിടുന്നു.

ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിൽവർ ജൂബിലി സമ്മേളനം ഇലന്തൂരിലുള്ള കോളേജ് ക്യാമ്പസിൽ ഫെബ്രുവരി 26,27, 28, മാർച്ച് 1 തീയതികളിൽ വിപുലമായ പരിപാടികളോടെ നടക്കും. ബ്രദർ കെ. എം. ജോൺ മുഖ്യാതിഥി ആയിരിക്കും. തോംസൺ ബി. തോമസ്, ഡോ. ഗ്രേസൺ ജോർജ്ജ് എന്നിവരും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

1989 ജൂൺ 11 ന് കർതൃദാസൻ എം. ഇ. ചെറിയാൻ ഉദ്ഘാടനം ചെയ്ത ബി. ബി. ഐ. അനുഗ്രഹീതശുശ്രൂഷയിൽ ഇന്നും തുടരുന്നു. കഴിഞ്ഞ രണ്ടര പതിറ്റാണ്ടിലൂടെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ 165 സഹോദരന്മാർ പൂർണ്ണസമയ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. പുതിയനിയമ മാതൃകയിലുള്ള 50ൽ പരം വേർപെട്ട സഭാകൂടിവരവുകൾ ഇതിനോടകം രൂപം കൊള്ളുവാൻ ഇടയായിട്ടുണ്ട്. 13000 ഗ്രന്ഥങ്ങളുള്ള ഒരു ലൈബ്രറി ബി. ബി. ഐ. ക്കു സ്വന്തമായിട്ടുണ്ട്.

വർഷം തോറും അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി വിവിധ ടീമുകളായി വടക്കേ ഇന്ത്യയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ക്യാമ്പുകൾ നടത്തുന്നു. ബി. ബി. ഐ. ദൈവജനത്തിന്റെ പ്രാർത്ഥന അർഹിക്കുന്ന ശുശ്രൂഷയാണ്.

മാർച്ച് 1ന് നടക്കുന്ന ബിരുദദാന സമ്മേളനത്തിൽ ഡോ. ഒ. എം. സാമുവേൽ അദ്ധ്യക്ഷനായിരിക്കും. കെ. എ. ഫിലിപ്പ്, എം. റ്റി. ജോർജ്ജ്, ഡോ. കെ. സി. ജോൺസൻ, കെ. വി. ജോൺ, ഒ.റ്റി. ചെറിയാൻ എന്നിവർ വിവിധശുശ്രൂഷകൾ നിർവഹിക്കും.

മാർച്ച് 1 ശനി രാവിലെ 11 ന് നടക്കുന്ന ഗ്രാജുവേഷൻ സർവ്വീസിൽ വിദ്യാർത്ഥികളുടെ ഗാനങ്ങൾ, സാക്ഷ്യങ്ങൾ, ഭാവി പ്രവർത്തനങ്ങൾ എന്നിവ പങ്കുവെയ്ക്കും. ഫെബ്രുവരി 26, 27, 28 ദിവസങ്ങളിൽ രാവിലെ 9.30 മുതൽ രാത്രി 8.30 വരെ നടക്കുന്ന സ്പെഷ്യൽ മീറ്റിംഗിൽ വിശ്വാസികൾക്ക് പങ്കെടുക്കാം. കാൽ നൂറ്റാണ്ടിന്റെ ബി. ബി. ഐ. യുടെ ചരിത്രം സുവനീറായി സമ്മേളനത്തിൽ പ്രകാശനം ചെയ്യും. വിശ്വാസ പാതയിലൂടെ മാത്രം പിന്നിട്ട ബി. ബി. ഐ. തുടർന്നും നിലനിൽക്കേണ്ടതുണ്ട്. ആത്മാർത്ഥമായ പ്രാർത്ഥനയും നിർലോഭമായ പിന്തുണയും പ്രോത്സാഹനങ്ങളും ഈ നിസ്വാർത്ഥ ശുശ്രൂഷയ്ക്ക് ദൈവജനം നൽകേണ്ടതുണ്ട്.

2 വൈകി വന്ന വിവേകം
3 അത്ഭുത കരങ്ങളുടെ പരിപാലനം
5 ബി.ബി.ഐ. തുടക്കവും വളർച്ചയും
6 കുമ്പനാട് എന്ത് സംഭവിച്ചു?
7 കുട്ടികളുടെ പ്രാധാന്യം.

## എഡിറ്റോറിയൽ

# ഹൃദയം തണുപ്പിക്കുക

മനഃസാക്ഷി മരവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എങ്കിലും കാരുണ്യത്തിന്റെ സ്പർശം അനുഭവിച്ചിട്ടുള്ളവരും കാരുണ്യത്തിന്റെ ഉറവ വറ്റിയിട്ടില്ലാത്തവരും സമൂഹത്തിലുള്ളതിനാൽ അനേക ഹൃദയങ്ങൾ തണുപ്പിക്കപ്പെടുന്നുണ്ട്.

മുറിവേറ്റ് വഴിയിൽ കിടന്ന് ഒരിറ്റു ദാഹജലത്തിനും ജീവനും വേണ്ടി കേഴുമ്പോൾ മാറി കടന്നു പോയ ലേവ്യനെയും പുരോഹിതനെയും കുറിച്ച് നല്ല ശമര്യന്റെ ഉപമയിൽ വായിക്കുന്നു. ഇന്നും ഇങ്ങനെയുള്ള ലേവ്യരും പുരോഹിതൻമാരും ഒട്ടും കുറവല്ല.

ഹൃദയം പൊട്ടുമാറുള്ള നിലവിളി കർണപുടങ്ങളിൽ ആഞ്ഞടിച്ചാലും കേട്ടില്ല കണ്ടില്ല എന്ന ഭാവേന മാറി നടന്നകലുന്ന ആളുകളുടെ കാലൊച്ച നാം കേൾക്കുന്നു. ആശ്വാസത്തിന്റെ ഒരു വാക്ക് എങ്കിലും നൽകാൻ കഴിഞ്ഞാൽ വേദനപ്പെട്ട ഹൃദയത്തിന് അല്പം തണുപ്പ് ലഭിക്കില്ലേ? രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ തന്നെ അങ്ങനെയുള്ളവരെ സന്ദർശിച്ച് ആശ്വാസവചനവും ആവശ്യമെങ്കിൽ സാമ്പത്തിക സഹായവും നൽകിയെങ്കിൽ ആരാലും അറിയപ്പെടാതെ ചെയ്യുന്ന ശുശ്രൂഷയെങ്കിലും ദൈവത്താൽ മാനിക്കപ്പെടുമെന്നതിന് സംശയമില്ല.

എല്ലാവരും ഉണ്ട് എന്നു പറയുമ്പോൾ തന്നെ ഏകാന്തതയുടെ നടുവിൽ വിധിയെ പഴിച്ചു കഴിയുന്ന നിരവധി ആളുകളുണ്ട് നമ്മുടെ ചുറ്റും. അവരും അന്വേഷിക്കുന്നത് ഹൃദയം തണുപ്പിക്കുന്നവരെയാണ്. ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ ആരോടും പറയാനാവാതെ കടിച്ചമർത്തി ഏകാന്തതയിൽ ഉയരങ്ങളിലേക്ക് കൺകളുയർത്തി വാക്കുകളില്ലാതെ നിറഞ്ഞൊഴുകുന്ന കണ്ണുനീർത്തുള്ളികളിലൂടെ ഹൃദയത്തിന്റെ ഭാരം ഒഴുക്കി കളയാൻ ശ്രമിക്കുന്നവർ വളരെയാണ്. അവർക്ക് വേണ്ടതും ഹൃദയം തണുപ്പിക്കാൻ കഴിയുന്ന ഒരാളെയാണ്.

ഭർത്താവിന്റെ പെട്ടെന്നുള്ള മരണത്തിൽ ജീവിതഭാരം ഏറ്റെടുത്ത് കുടുംബം പുലർത്തുവാനും മക്കളെ പഠിപ്പിക്കുവാനും ആവോളം അദ്ധ്വാനിക്കുന്ന സഹോദരിമാർക്കും വേണ്ടത് ഹൃദയം തണുപ്പിക്കുന്നവരെയാണ്. മുറിവുകൾ വർദ്ധിപ്പിക്കുവാൻ ധാരാളം പേരുണ്ട് എന്നാൽ മുറിവുണക്കുന്നവർ തുലോം കുറവ്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരണം.

ലോകസ്ഥാപനത്തിനു മുമ്പ് ദൈവം നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുക്കുമ്പോൾ ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം എഫെസ്യ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "നാം സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാകുന്നു" സുവിശേഷം അറിയിക്കുക എന്നത് മാത്രമാണ് നമ്മുടെ ജോലി. സൽപ്രവർത്തികൾ ആവശ്യമില്ല എന്ന ഒരു തെറ്റായ ധാരണ സമൂഹത്തെ എങ്ങനെയോ ബാധിച്ചിട്ടുണ്ട്.

യാക്കോബ് അപ്പോസ്തലൻ പറയുന്നത് 'പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് എന്നാണ്. നമ്മുടെ വിശ്വാസം ലോകത്തിന് വെളിപ്പെടുത്തേണ്ടത് പ്രവർത്തിയിലൂടെയാണ്. സമശിഷ്ടങ്ങളെ സ്നേഹിക്കുവാനും കരുതുവാനും അവരുടെ പ്രാണനെ തണുപ്പിക്കുവാനും നമുക്കു സാധിക്കണം.

പൗലോസ് ചില സഹോദരൻമാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക,"സ്തെഫാനോസും ഫൊർത്തുനാതൊസും, അഖായിക്കോസും വന്നത് എനിക്ക് സന്തോഷമായി. നിങ്ങളുടെ ഭാഗത്തു കുറവായിരുന്നത് അവർ നികത്തിയിരിക്കുന്നു. അവർ എന്റെ മനസ്സും നിങ്ങളുടെ മനസ്സും തണുപ്പിച്ചുവല്ലോ, ഇങ്ങനെയുള്ളവരെ മാനിച്ചുകൊൾവിൻ (1 കൊരി.16:17,18). വാക്കിലൂടെയും പ്രവർത്തിയിലൂടെയും മറ്റുള്ളവരുടെ ഹൃദയത്തെ തണുപ്പിക്കുവാൻ ഇടയാകട്ടെ.

കർത്താവിനു വേണ്ടി അദ്ധ്വാനിച്ച് തിരശീലയ്ക്കപ്പുറത്തേക്ക് പോയ ദൈവദാസൻമാരുടെ വിധവമാർക്കു സാമ്പത്തിക സഹായനിധി ക്രിസ്തീയദർശനം ആരംഭിച്ചത് പലരുടേയും ഹൃദയത്തിന് അതൊരു തണുപ്പായി തീരും എന്നുള്ളതുകൊണ്ടാണ്. "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോ.1:27).

ദൈവസ്നേഹം ഉള്ളിലുള്ള ഏതൊരു വ്യക്തിക്കും ഇങ്ങനെയുള്ള പ്രവർത്തനം ചെയ്യാതിരിക്കുവാൻ കഴിയുകയില്ല. മറ്റുള്ളവരുടെ വേദന മനസ്സിലാക്കുവാനും ആശ്വാസത്തിന്റെ ഒരു നല്ല വാക്ക് പറയുവാനും നമുക്ക് കഴിയട്ടെ. ശ്രേഷ്ഠ അപ്പസ്തോലനായ പൗലോസും ഫിലിപ്പോസിനോട് പറയുന്നത് എന്റെ ഹൃദയം തണുപ്പിക്കുക എന്നാണ്. വാ. 20. പലപ്പോഴും തന്നെ തണുപ്പിച്ചവനായ ഒനേസിഫോരേസിനെക്കുറിച്ചും താൻ രേഖപ്പെടുത്തുന്നു (2തിമോ. 1:16). ആർക്കാണ് തണുപ്പ് വേണ്ടാത്തത്? തണുപ്പിക്കുന്നവന് തണുപ്പ് കിട്ടും. ആടിന്റെ പ്രാണനെ തണുപ്പിക്കുന്ന ഇടയന്റെ ശുശ്രൂഷകളാകട്ടെ നമ്മുടേയും ലക്ഷ്യം. ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനായ നമ്മുടെ അരുമനാഥന്റെ പാദങ്ങളെ പിൻഗമിച്ച് ഹൃദയം തണുപ്പിക്കുന്നവർ ആകുവാൻ നമുക്ക് ഇടയാകട്ടെ. ●

### ഈ മാസത്തേക്ക്...

## സമാധാനം ഉണ്ടാക്കുന്നവർ

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ;
അവർ ദൈവത്തിന്റെ പുത്രന്മാർ
എന്ന് വിളിക്കപ്പെടും
(മത്താ: 5:9)

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM

ചീഫ് എഡിറ്റർ
**വർഗീസ് തോമസ്**

മാനേജിങ് എഡിറ്റർ
**നിനോ കെ. തോമസ്**

റെസിഡന്റ് എഡിറ്റർ
**ഫെബിൻ ജോൺസ്**

എഡിറ്റോറിയൽ ബോർഡ്
**ജേക്കബ് സാം**
**ലിജോ വർഗീസ് പാലമറ്റം**
**ജോസഫ് മാത്യു**
**ജോർജ്ജ് മാത്യു**
**ജോസഫ് പുന്നൂസ്**

അഡ്വൈസറി ബോർഡ്
**എം. കെ. തോമസ്**
**ജോർജ്ജ് പീറ്റർ**
**പ്രൊഫ. മാത്യൂസ് ഏബ്രഹാം**
**സി. പി. അനിയൻ**
**ജോൺസൻ പി. സാം**

പ്രസാദകൻ
**രാജു കെ. തോമസ്**
**കല്ലോത്ത് റിവർ വ്യൂ,**
**വടശ്ശേരിക്കര പി. ഒ.**
**പത്തനംതിട്ട, കേരള, ഇന്ത്യ.**

വാർത്തകൾ, രചനകൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ അയയ്ക്കേണ്ട വിലാസം
**ദർശനം,**
**പി. ഒ. ബോക്സ് 21,**
**പഴവങ്ങാടി പി. ഒ.,**
**റാന്നി 689 673**
**ഫോൺ: 9447074308**
**darsanam@outlook.com**

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
**നിനോ കെ. തോമസ്,**
**പി. ഒ. ബോക്സ് 5,**
**വടശ്ശേരിക്കര പി. ഒ.**
**പത്തനംതിട്ട 689662**
**9447012979**

### രചനകൾ ക്ഷണിക്കുന്നു.

ലേഖനങ്ങൾ, പഠനം, കവിത തുടങ്ങിയ രചനകൾ ക്ഷണിക്കുന്നു. എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പായി സാഹിത്യസൃഷ്ടികൾ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയച്ചാലും.

പബ്ലിഷർ

### വിലാസം അറിയിക്കുക

സുഹൃത്തുക്കളുടെയോ സ്ഥലം സഭയിലെ കുടുംബങ്ങളുടെയോ വിലാസം പിൻകോഡുൾപ്പെടെ അയച്ചുതരിക. മുൻകൈ എടുക്കുന്ന വ്യക്തിക്ക് ഒരു വർഷത്തേക്ക് ക്രിസ്തീയദർശനം സൗജന്യമായി ലഭിക്കും. ഒന്നിലധികം കോപ്പി ലഭിക്കുന്നുവെങ്കിൽ ദയവായി അറിയിച്ചാലും.

# വൈകി വന്ന വിവേകം

**രണ്ടു** പതിറ്റാണ്ടിലധികമായി ബ്രദറൺ സമൂഹമധ്യേ വിതരണം ചെയ്യപ്പെടുന്ന ഒരു പ്രസിദ്ധീകരണം വിമർശനങ്ങൾ അവസാനിപ്പിക്കുന്നതായി വായിച്ചു. വൈകി വന്ന വിവേകത്തിന് അഭിനന്ദനങ്ങൾ.

സത്യമേ പ്രസ്താവിക്കാവൂ. എന്നാൽ എല്ലാ സത്യവും പറയരുത് എന്നാണ് അറിവുള്ളവർ പറയുന്നത്. സ്വന്തം ജീവിതത്തെയും ഭവനത്തെയും സ്വകാര്യതയെയും ഒഴിവാക്കിയാണ് മിക്കപേരും നാടു നന്നാക്കുവാൻ ഇറങ്ങുന്നത്. ഇത് ആപൽക്കരമായ ഒരു പ്രവണതയാണ്.

ആരോഗ്യകരമായ വിമർശനങ്ങൾ അനിവാര്യമാണ്. എന്നാൽ വ്യക്തിഹത്യയ്ക്കും കുടുംബ തകർച്ചയ്ക്കും സമാധാന ധ്വംസനത്തിനും അത് വഴിവച്ചാലോ? ഒരു രാജ്യവും തന്നിൽ തന്നെ ഛിദ്രിച്ചാൽ അതിന് നിലനിൽപ്പില്ല.

ഒരു സമൂഹമെന്ന നിലയിൽ വളരെയേറെ പരിമിതികൾ ഓരോ വിഭാഗങ്ങൾക്കും ഉണ്ടാകും. മക്കളെ പല്ലുതേപ്പിക്കാനും ചെരുപ്പ് ഇടുവിക്കാനും വസ്ത്രം ധരിക്കുവാനും മാന്യമായി ഇടപെടുവാനും ഒക്കെ പരിശീലനം നൽകുന്നത് വിവേകമുള്ള മാതാപിതാക്കളുടെ ലക്ഷണമാണ്. ഹാസ്യത്തിന്റെ നിറം ചാലിച്ച് കുടുംബസദസ്സുകളിൽ അവ ചർച്ചയായേക്കാം. പുറത്തേയ്ക്ക് അതിന്റെ അതിരുകൾ നീളുന്നില്ല.

പരിശുദ്ധാത്മാവിനെ അനുസരിക്കാത്തവരോട് മാസികക്കാര് പറഞ്ഞാൽ കേൾക്കുമോ? ദൈവത്തെയും ദൈവവചനത്തെയും കൂട്ടായ്മയേയും പിറകിൽ എറിയുന്നവർക്ക് ഭീഷണി വിലപ്പോകുമോ? അശുദ്ധന് അശുദ്ധി ചെയ്യുവാനുള്ള മൗനാനുവാദമാണ് ദൈവം നൽകുന്നത്. എന്നാൽ വിശു

> വിമർശനങ്ങളിലൂടെ ബ്രദറൺ സമൂഹത്തിൽ അകാരണമായി തെറ്റിദ്ധരിക്കപ്പെട്ടുപോയ സഭകളും പ്രവർത്തകരും വ്യക്തികളും വളരെയുണ്ട്. അവരുടെ ഭാവിയുടെമേലും ശുശ്രൂഷകളുടെമേലുമാണ് വിമർശന വാൾ വീണത്. മക്കളും മാതാപിതാക്കളും സഹോദരങ്ങളും അടങ്ങുന്ന ഒരു സമൂഹം അവർക്കു ചുറ്റുമുണ്ടായിരുന്നു. അകാരണമായി മുറിവേറ്റ ഒട്ടേറെപ്പേർ, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പുറംതള്ളപ്പെട്ടവർ,. പടയോട്ടങ്ങളിൽ രഥങ്ങളുടെ ലൂബ്രിക്കന്റായി മനുഷ്യരക്തം ഒഴിച്ചിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഹൃദയം തുരന്ന് എടുത്ത ജീവരക്തം.

ദ്ധൻ ഇനി വിശുദ്ധിയ്ക്കായി ദാഹിക്കണം. വിശുദ്ധിയുള്ളവനായി ജീവിക്കണം. പൗലോസ് ചെയ്തതുപോലെ ജഢികരെയും പ്രാകൃതരെയും ദൈവകരങ്ങളിലേയ്ക്ക് വിനയപൂർവ്വം ഏൽപ്പിക്കുകയേ നിവൃത്തിയുള്ളൂ. വിമർശനങ്ങളിലൂടെ ബ്രദറൺ സമൂഹത്തിൽ അകാരണമായി തെറ്റിദ്ധരിക്കപ്പെട്ടുപോയ സഭകളും പ്രവർത്തകരും വ്യക്തികളും വളരെയുണ്ട്. അവരുടെ ഭാവിയുടെമേലും ശുശ്രൂഷകളുടെമേലുമാണ് വിമർശന വാൾ വീണത്. മക്കളും മാതാപിതാക്കളും സഹോദരങ്ങളും അടങ്ങുന്ന ഒരു സമൂഹം അവർക്കു ചുറ്റുമുണ്ടായിരുന്നു. അകാരണമായി മുറിവേറ്റ ഒട്ടേറെപ്പേർ, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പുറംതള്ളപ്പെട്ടവർ,. പടയോട്ടങ്ങളിൽ രഥങ്ങളുടെ ലൂബ്രിക്കന്റായി മനുഷ്യരക്തം ഒഴിച്ചിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഹൃദയം തുരന്ന് എടുത്ത ജീവരക്തം.

ഇരുപതോളം വർഷങ്ങൾ ഒരുമിച്ച് അപ്പം നുറുക്കി ആരാധന കഴിച്ചിരുന്ന സഭയിൽനിന്നും അടുത്തയിടെ എട്ടോളം കുടുംബങ്ങൾ ചില അസ്വസ്ഥതകളുടെ പേരിൽ പുതിയ കൂടിവരവുണ്ടാക്കി. ലെറ്റർപാഡുണ്ടാക്കി. സീലും മാധ്യമങ്ങൾക്കു തിടുക്കത്തിൽ വാർത്തയും കൊടുത്തു. നാൽപ്പത് ദിവസം പിന്നിട്ടപ്പോഴാണ് വിവേകം വന്നത്. ഹാൾ ഉണ്ടാകണം. ശവക്കോട്ടയും. ആഴ്ചയിൽ മൂന്നും നാലും പ്രസംഗവും. നാട്ടുകാരുടെ ചോദ്യങ്ങൾക്ക് മറുപടിയും. ചർച്ചകൾക്കൊടുവിൽ ഫെബ്രുവരി 2 ന് ഒരുമിച്ച് ആരാധനയും സഭാബന്ധവും പുനസ്ഥാപിക്കപ്പെട്ടു. പുതിയ സഭകൂടിവരവ് എന്ന തലക്കെട്ടിൽ വാർത്ത കൊടുത്ത മാധ്യമക്കാരുടെ മുഖമോ? കാത്തിരുന്നാൽ ഏതു വെള്ളവും തെളിയും. അല്പം ക്ഷമ കാട്ടണം. ഒരു മിനിറ്റ് ക്ഷമിച്ചിരുന്നെങ്കിൽ മിക്ക കൊലപാതകങ്ങളും ഒഴിവാകുമായിരുന്നു. പല കുടുംബങ്ങളും ഒരുമിച്ച് താമസിക്കുമായിരുന്നു. അനേകരുടെ ജയിൽ ജീവിതം ഒഴിവായേനെ. റൗഡികളുടെയും അധോലോക നേതാക്കളുടെയും ലിസ്റ്റിൽ ഇടം ലഭിക്കാതെ വന്നേനെ.

വിമർശനങ്ങളിലൂടെ മാറ്റങ്ങൾ വന്നിട്ടുണ്ട് എങ്കിൽ അത് അവസാനിപ്പിക്കരുത്. മാറ്റങ്ങൾ സംഭവിച്ചിട്ടില്ല എന്നതിന്റെ തെളിവാണ് ലോകം. മുഷ്ടിചുരുട്ടി കുത്തി, എനിക്കു വേദനിച്ചു എന്ന് ആകാശം പറഞ്ഞിട്ടില്ല. രട്ടും വെണ്ണീറും ഒക്കെ വിശ്വാസികളുടെ ഡിക്ഷ്ണറിയിൽ നിന്നും ഡിലീറ്റ് ചെയ്യപ്പെട്ടിരിക്കുന്ന കാലമാണിത്.

ഒറ്റ ക്ഷമ പറച്ചിലിലൂടെ നാം രക്ഷപ്പെടുവാൻ ശ്രമിക്കയാണ്. സഖായിയുടെ മാനസാന്തരത്തിൽ മടക്കിക്കൊടുക്കലുകൾ ഉണ്ടായിരുന്നു. നാലു മടങ്ങും പകുതിയും ഒക്കെ. ചതിക്കപ്പെട്ടവരും ദരിദ്രരായിപ്പോയവരും എല്ലാം സന്തോഷിക്കുന്നു. യെരിഹോവിന്റെ സന്തോഷം. നമ്മുടെ മാനസാന്തരങ്ങൾ നിലനിൽക്കുന്നവയാകട്ടെ. ദൈവജനത്തിന് ആശ്വാസവും സമാധാനവും നമുക്ക് നൽകാം, ആശംസിക്കാം.

### പിൻകോഡ് ഇല്ലാത്ത വിലാസങ്ങൾ നീക്കം ചെയ്യുന്നു.

ക്രിസ്തീയ ദർശനം മെയ്ലിംഗ് ലിസ്റ്റിൽ പിൻകോഡ് ഇല്ലാത്ത വിലാസങ്ങൾ നീക്കം ചെയ്യുന്നു. പിൻകോഡ് സഹിതം വിലാസം അയച്ച് വരിക്കാരാവുക.

*പബ്ലിഷർ*

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM



# നയാഗ്രയുടെ
## ആഴങ്ങളിലും അത്ഭുതകരങ്ങളുടെ പരിപാലനം

ജോസ് പന്തപ്ലാംതൊട്ടിയിൽ

ദൈവത്തെക്കുറിച്ചുള്ള ചിത്രം അന്നൊന്നും അവനു വ്യക്തമായിരുന്നില്ല. അവനറിയാമായിരുന്നത് തന്റെ അമ്മയുടെ തീരാരോഗവും കുടുംബത്തിലെ സമാധാനമില്ലായ്മയുമായിരുന്നു. പിന്നീടു റോജറിന്റെ മാതാപിതാക്കൾ വിവാഹമോചനം നേടിയപ്പോൾ അവൻ ആകെ തകർന്നുപോയി. അതോടൊപ്പം, അമ്മയെ ശുശ്രൂഷിക്കുന്ന ചുമതലയും അവന്റെ തലയിലായി.

1960-ലെ വേനൽക്കാലം അന്നൊരു ദിവസം ലോകത്തെമ്പാടുമുള്ള ഒട്ടേറെ പത്രങ്ങൾ വലിയ അക്ഷരങ്ങളിൽ ആ വാർത്ത നിരത്തി. അതിതായിരുന്നു: അപകടത്തിൽപ്പെട്ടു നയാഗ്ര വെള്ളച്ചാട്ടത്തിലൂടെ 170 അടി താഴേക്കു വീണ ബാലൻ അത്ഭുതകരമായി രക്ഷപ്പെട്ടു.

റോജർ വുഡ്വേർഡ് ആയിരുന്നു ആ ബാലൻ. റോജറിന് അന്ന് ഏഴു വയസ് പ്രായം. നയാഗ്ര വെള്ളച്ചാട്ടത്തിനടുത്തു താമസിച്ചിരുന്ന റോജറിനു ലോകപ്രസിദ്ധമായ ആ വെള്ളച്ചാട്ടം കാണുവാൻ എപ്പോഴും വലിയ ആഗ്രഹമായിരുന്നു. പക്ഷേ, കെട്ടിടനിർമ്മാണത്തൊഴിലാളിയായിരുന്ന പിതാവിന് തിരക്കൊഴിഞ്ഞ സമയമില്ലായിരുന്നു. റോജറിന്റെ അമ്മയാകട്ടെ മാനസികരോഗിയുമായിരുന്നു. തന്മൂലം, നയാഗ്ര വെള്ളച്ചാട്ടം കാണുവാനുള്ള റോജറിന്റെ മോഹം വെറും മോഹം മാത്രമായി അവശേഷിച്ചു.

അങ്ങനെയിരിക്കുമ്പോഴാണ് റോജറിന്റെ പിതാവിന്റെ സുഹൃത്തായ ജിം ഹണിക്കെട്ട് റോജറിനെയും അവന്റെ സഹോദരിയായ ഡീനായെയും നയാഗ്ര നദിയിലൂടെ ഒരു ബോട്ടുസവാരിക്കു ക്ഷണിച്ചത്. അവർ ഇരുവരും ആവേശപൂർവ്വം ആ ക്ഷണം സ്വീകരിച്ചു.

ഹണിക്കെട്ടിന്റെ പ്രൈവറ്റ് ബോട്ടിലായിരുന്നു അവരുടെ യാത്ര. യാത്ര പുറപ്പെടുന്നതിനുമുമ്പ് റോജറിനെയും ഡീനായെയും ലൈഫ്ജാക്കറ്റണിയിക്കാൻ അവരുടെ അമ്മ മറന്നില്ല.

ബോട്ടുയാത്രയുടെ തുടക്കം ആഹ്ലാദം അലതല്ലുന്നതായിരുന്നു. റോജറും ഡീനായും ആവേശംകൊണ്ട് തുള്ളിച്ചാടി. പക്ഷേ, അവരുടെ ആഹ്ലാദത്തിമിർപ്പ് അധികം നീണ്ടുനിന്നില്ല. എന്തോ കുഴപ്പംമൂലം ബോട്ടിന്റെ എഞ്ചിൻ നിശ്ചലമായി. ജിം തുഴയെടുത്ത് തുഴഞ്ഞുകൊണ്ട് റോജറിനോടും ഡീനായോടും പറഞ്ഞു: "മുറുകെ പിടിച്ചിരുന്നുകൊള്ളൂ".

നദിയിൽ ശക്തമായ ഒഴുക്കുണ്ടായിരുന്നു. ജിം സർവശക്തിയുമുപയോഗിച്ച് തുഴഞ്ഞെങ്കിലും ബോട്ട് അമ്മാനമാടുവാൻ തുടങ്ങി. നിമിഷങ്ങൾക്കകം ബോട്ട് തലകീഴായി മറിഞ്ഞു.

"ഡീനാ...", വെള്ളത്തിൽ വീണ റോജർ തന്റെ സഹോദരിയെ നീട്ടി വിളിച്ചു. പക്ഷേ, ഡീനായും ജിമ്മും ഇതിനകം എവിടെയോ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു.

ലൈഫ് ജാക്കറ്റ് അണിഞ്ഞിരുന്നതുകൊണ്ട് റോജർ വെള്ളത്തിൽ താണുപോയില്ല. എന്നാൽ, ഒഴുക്കിന്റെ ശക്തിമൂലം കരയിലേയ്ക്കു നീന്തുക അസാധ്യമായിരുന്നു.

അധികം താമസിയാതെ റോജർ ശക്തമായ ജലപ്രവാഹത്തിന്റെ നടുവിലായി. തനിക്ക് എന്താണു സംഭവിക്കുന്നതെന്നു മനസ്സിലാക്കുന്നതിനു മുമ്പ് ആ ബാലൻ അഗാധമായ ഗർത്തത്തിലേക്കു വീണു.

അടുത്ത നിമിഷം റോജർ ഒരു ബോട്ടും അതിൽ കുറേ വിനോദ സഞ്ചാരികളെയും കണ്ടു. വെള്ളച്ചാട്ടത്തിനു താഴെ അതിന്റെ ഭംഗി ആസ്വദിക്കാൻ ബോട്ടിലെത്തിയതായിരുന്നു സഞ്ചാരികൾ.

"അതാ, വെള്ളത്തിലൊരു കുട്ടി!", ബോട്ടിലെ യാത്രക്കാരിലൊരാൾ വിളിച്ചു പറഞ്ഞു. പെട്ടെന്നു ബോട്ടിലെ യാത്രക്കാർ റോജറിനെ വെള്ളത്തിൽനിന്നു രക്ഷപ്പെടുത്തി.

നൂറ്റെഴുപത് അടി താഴ്ചയിലേക്കു വീണിട്ടും റോജറിനു കാര്യമായ പരിക്കൊന്നും സംഭവിച്ചിരുന്നില്ല. എങ്കിലും എത്രയും വേഗം അവനെ ആശുപത്രിയിലെത്തിച്ചു. അവിടെ എത്തിയ ഉടനേ അവൻ ഡീനായേയും ജിമ്മിനെയും തിരക്കി. ഡീനാ അതിനകം വെള്ളച്ചാട്ടത്തിന്റെ വളരെ മുകളിൽവച്ചു കരയിലേയ്ക്കു നീന്തി രക്ഷപ്പെട്ടിരുന്നു. ജിമ്മാകട്ടെ

7 ➡

നാം പിന്തിരിഞ്ഞു നോക്കിയാൽ, ദൈവം നമ്മെ താങ്ങിനിർത്തിയിട്ടുള്ള നിരവധി അവസരങ്ങൾ കണ്ടെത്താനാവും. എന്നാൽ, നമ്മുടെ ശ്രദ്ധ ഏറെ സമയവും നമുക്കുണ്ടാകുന്ന ദുഃഖദുരിതങ്ങളിലായിരിക്കുന്നതുകൊണ്ടു ദൈവം നമ്മെ താങ്ങിരക്ഷിക്കുന്ന അനുഭവങ്ങൾ നാം വിസ്മരിച്ചുപോകുന്നു.

## സഹോദരിമാരോട്....

# ദൈവത്തിൽ നിന്നു വാങ്ങുക, ദൈവമഹത്വത്തിന് അർപ്പിക്കുക



ഷീബാ ജോണി, ഈരാറ്റുപേട്ട

കർത്താവ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത് വ്യത്യസ്ത കൃപാവരങ്ങളും കഴിവുകളും താലന്തുകളും നൽകിയാണ്. അവ തിരിച്ചറിഞ്ഞ് പൊതുപ്രയോജനത്തിനായി ഉപയോഗിക്കേണ്ടതു നമ്മുടെ ഉത്തരവാദിത്വമാണ്. തിരക്കേറിയ ലോകത്തിൽ നാം നമ്മുടെ ഉത്തരവാദിത്വം മറന്നുപോകുകയാണോ? ദൈവം നൽകിയ മകനുവേണ്ടി ആവതുചെയ്ത ഒരു മാതാവിനെ 1 ശമുവേൽ 1 -ാം അദ്ധ്യായത്തിൽ കാണാം, പേര് ഹന്ന.

ഹന്നയ്ക്ക് അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ ഉണ്ടായിരുന്നു; പത്തുപുത്രന്മാരേക്കാൾ സ്നേഹിക്കുന്ന ഭർത്താവുണ്ടായിരുന്നു. സമൃദ്ധിയുടെ നടുവിലും പട്ടിണിയും കണ്ണീരും സങ്കടവും. ഉപരി വ്യസനിപ്പിക്കുന്ന, മുഷിപ്പിക്കുന്ന ശക്തയായ ഒരു പ്രതിയോഗിയും. അവൾക്ക് മക്കൾ ഇല്ലായിരുന്നു. അവൾ മച്ചിയായിരുന്നു. ആ ഇല്ലായ്മ അവളെ പിടിച്ചുലച്ചു, ഹൃദയം തകർത്തു. തന്റെ പ്രതിയോഗിയായ പെനീന്ന മക്കളെ ഒന്നൊന്നായി പ്രസവിക്കുകയും മുലയൂട്ടുകയും താരാട്ടുപാടുകയും ലാളിക്കുകയും ചെയ്യുമ്പോൾ ഹന്നയിലെ മാതൃഹൃദയം പിടച്ചിരുന്നു. പെനീന്ന തന്നെ മുഷിപ്പിക്കുന്നതോ, നിന്ദിക്കുന്നതോ ഒന്നുമല്ല അവളുടെ ഹൃദയത്തെ കീറിമുറിച്ചത്.

അവളിലെ മാതൃഹൃദയത്തിന്റെ ആഗ്രഹം മനോവ്യസനമുള്ള ഒരു സ്ത്രീയാക്കി മാറ്റി. അവൾ ഹൃദയത്തിൽ തീരുമാനിച്ചുറച്ചു. പട്ടിണി വിട്ടെഴുന്നേറ്റു യഹോവയുടെ ആലയത്തിലേയ്ക്കു ചെന്നു, അവൾക്കറിയാം ഗർഭം അടയ്ക്കാനും തുറക്കാനും അധികാരമുള്ളവൻ യഹോവയായ ദൈവമാണ്. ആ ദൈവത്തോടവൾ പരിസരം മറന്ന് മനോവ്യസനത്തോടെ പ്രാർത്ഥിച്ചു നേർച്ച നേർന്നു. നീ എനിക്കൊരു പുരുഷ സന്താനത്തെ തന്നാൽ അവനെ നിനക്കായി വളർത്താം (1 ശമു 10,11).

ഇതു വായിക്കുന്ന സഹോദരിമാരാരെങ്കിലും ഈ അവസ്ഥയിലെങ്കിൽ ധൈര്യത്തോടെ ഗർഭം തുറക്കാനധികാരമുള്ളവന്റെ അടുക്കൽ ചെന്ന് വാഗ്ദത്തങ്ങളെ ഓർമ്മപ്പെടുത്തി ഈ ഹന്നയെപ്പോലെ ഒന്നു പ്രാർത്ഥിച്ചെങ്കിൽ. സാറയുടെ, റിബേക്കയുടെ, റാഹേലിന്റെ, ഹന്നയുടെ ദൈവമേ എന്നു വിളിച്ച് പ്രാർത്ഥിച്ചെങ്കിൽ? നിങ്ങളുടെ തുടിക്കുന്ന മാതൃഹൃദയത്തിന്റെ നിലവിളി കേൾക്കാൻ കഴിയാതവണ്ണം അവന്റെ കാതുകൾ മന്ദീഭവിച്ചിട്ടില്ല. അവൻ നിന്നെ കടന്നുപോകില്ല. കാരണം അവൻ മുഖപക്ഷമില്ലാത്ത ദൈവമാണ്, ദയാലുവാണ്.

മച്ചി എന്ന കാരണത്താൽ നിന്ദയും പരിഹാസവും കേട്ട് ആലയത്തിൽ വന്നു ഹൃദയം പകരുന്ന തനിക്കിതാ ഏലി പുരോഹിതനിൽനിന്നും നിന്ദയും അപവാദവും...! പ്രിയ സഹോദരിമാരെ, കാഴ്ച മങ്ങി, ദർശനം നഷ്ടപ്പെട്ട ആത്മീയ നേതൃത്വങ്ങൾക്കോ, പത്തുമാസം ചുമന്നു പെറ്റുവളർത്തിയ മക്കൾക്കോ, ജീവിത പങ്കാളിക്കോപോലും ഒരുപക്ഷേ മനസ്സിന്റെ നൊമ്പരമോ പ്രശ്നങ്ങളോ വേണ്ടുംപോലെ മനസ്സിലായെന്നുവരില്ല. എന്നാൽ ഉൾപ്പൂവുകളെ ആരായുന്നവൻ നിന്നെ അറിയേണ്ടതുപോലെ അറിയുന്നു. അവൻ പരിഹാരവുമായി അടുത്തുണ്ട്. അവനിൽ ചാരുക.

തന്നെ തെറ്റിദ്ധരിച്ചു സംസാരിച്ച പുരോഹിതനോടുള്ള മറുപടി; യജമാനനേ... ഞാൻ മനോവ്യസനമുള്ള ഒരു സ്ത്രീ, അടിയനെ ഒരു നീചസ്ത്രീയായി വിചാരിക്കരുതേ...! എന്തോരെളിമ! ഈ അമ്മ വളർത്തുന്ന മക്കൾ എത്ര ഭക്തിയുള്ളവരായിരിക്കും. ഈ സ്ഥാനത്തു നാം ആയിരുന്നെങ്കിൽ പ്രതികരണം സ്തുത്യർഹമായിരിക്കുമോ? പ്രാർത്ഥിച്ചു സന്തോഷത്തോടെ വീട്ടിലേയ്ക്കു പോയ ഹന്നയെ ദൈവം ഓർത്തു! ഒരു മകനെ നൽകി. ഞാൻ അവനെ യഹോവയോടു ചോദിച്ചുവാങ്ങി എന്നു പറഞ്ഞ് അവന് ശമുവേൽ എന്നു പേർ വിളിച്ചു. ഇനിയാണു ഹന്നായുടെ ഉത്തരവാദിത്വം ആരംഭിക്കുന്നത്. പത്തുമാസം ചുമന്നു പ്രസവിച്ച തന്റെ മകൻ അവൾക്കുള്ളതല്ല, അവൻ ദൈവത്തിന്റേതാണ്, നാസീറാണ്. നാമൊക്കെ കുഞ്ഞുങ്ങളെ വളർത്തുംപോലെ വളർത്തിയാൽ പോരാ, പ്രത്യേക താലന്തും കൃപയും വേണം. കാരണം ദൈവത്തിന് കൊടുക്കുമ്പോൾ കുറവു തീർത്തു വേണം കൊടുക്കാൻ. ഹന്ന അത് ചെയ്തു.

*(തുടരും)*

ആത്മീയ നേതൃത്വങ്ങൾക്കോ, പത്തുമാസം ചുമന്നു പെറ്റുവളർത്തിയ മക്കൾക്കോ, ജീവിത പങ്കാളിക്കോപോലും ഒരുപക്ഷേ മനസ്സിന്റെ നൊമ്പരമോ പ്രശ്നങ്ങളോ വേണ്ടും പോലെ മനസ്സിലായെന്നു വരില്ല. എന്നാൽ ഉൾപ്പൂവുകളെ ആരായുന്നവൻ നിന്നെ അറിയേണ്ടതുപോലെ അറിയുന്നു. അവൻ പരിഹാരവുമായി അടുത്തുണ്ട്.

# ക്രിസ്തീയദർശനം സ്തോത്രസമ്മേളന ദൃശ്യങ്ങൾ


പ്രാർത്ഥനയോടെ...
ജോസഫ് മാത്യു


ഏവർക്കും സ്വാഗതം...
വർഗീസ് തോമസ്


ഒരു ദർശനം കൂടി...
രാജു കെ. തോമസ്


പുതിയ ഒരു കാൽവയ്പ്
കെ.എ. ഫിലിപ്പ്


ദർശനം പ്രായോഗികമാക്കുക...
പി.ജി. ജയിംസ്

## ഏല്ലാറ്റിനും സ്തോത്രം ചെയ്യുവീൻ...


ചാൾസ് ജോൺ


കെ.എസ്. ജോൺ


സി.എം. ചാക്കോ


അലക്സ് മേൽപാടം


പി.ഐ. രാജൻകുട്ടി


കെ.വി. മാത്യു


റ്റി.സി. തോമസ്

## ആശംസകളോടെ....


ബിജു വർഗീസ്


ഒ.റ്റി. ചെറിയാൻ


എം.കെ.തോമസ്


പി.ഇ. സാംകുട്ടി


ബിനു സാമുവേൽ


ബ്രദർ പി.ഇ. സാംകുട്ടിയിൽ നിന്നും സുജാത മാത്യു സഹായം ഏറ്റുവാങ്ങുന്നു.

→1

## സാമൂഹ്യ പ്രതിബദ്ധത അനിവാര്യ ദൗത്യം

നത്തിന്റെ പ്രവർത്തനങ്ങൾക്ക് സഹോദരന്മാരായ എം. കെ. തോമസ്, ഒ. റ്റി. ചെറിയാൻ, ബിജു വർഗീസ് എന്നിവർ ആശംസകൾ നേർന്നു.

റ്റി. സി. തോമസ്, കെ. എസ്. ജോൺ, കെ. വി. മാത്യു, അലക്സ് മേൽപ്പാടം, പി. ഐ. രാമൻകുട്ടി ഒരു വർഷം പിന്നിട്ട ശുശ്രൂഷയെ കർതൃകരങ്ങളിൽ സമർപ്പിച്ച് സ്തോത്രം ചെയ്തും ബ്രദർ പി. ജി. ജയിംസ് സന്ദേശം നൽകി.

ബ്രദറൺ സമൂഹത്തിന് നിലവാരമുള്ള നല്ല പ്രസിദ്ധീകരണം സമർപ്പിക്കുവാൻ ഇടയായതിൽ സന്തോഷമുണ്ടെന്ന് ബ്രദർ രാജു കെ. തോമസ് പ്രസ്താവിച്ചു. സത്യസന്ധവും നീതിയുക്തവും ദൈവപ്രസാദവുമുള്ളതായിരിക്കണം മാധ്യമപ്രവർത്തനങ്ങൾ. കഴിഞ്ഞ ഒരു വർഷം അതേ പാത പിന്തുടരുവാൻ ഇടയായതിൽ സന്തോഷമുണ്ട്. ദൈവം നൽകിയ നന്മയിൽ ഒരു പങ്ക് എളിയവർക്കുവേണ്ടി വേർതിരിക്കുവാൻ ഈ വാർഷിക സമ്മേളനത്തിൽ ഇടയായത് ദൈവനാമ മഹത്വം മാത്രം ലക്ഷ്യമിട്ടാണ്. സുവിശേഷകരുടെ വിധവമാരായ ഭാര്യമാർക്ക് അവരുടെ ഭൗമിക ആവശ്യങ്ങളിൽ ചെറിയ ഒരു പിന്തുണ ക്രിസ്തീയദർശനം തുടരുവാൻ ആഗ്രഹിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ഈ ശുശ്രൂഷയ്ക്ക് ആവശ്യമുണ്ട്. അദ്ദേഹം കൂട്ടിച്ചേർത്തു.

കെ. ഇ. എം. ഫണ്ട് സെക്രട്ടറി ബ്രദർ പി. ഇ. സാംകുട്ടി സഹായ വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. സുജാതാ മാത്യു, സുജ തോമസ്, ഉഷാ ലോറൻസ് എന്നിവർ സഹായം ഏറ്റുവാങ്ങി. ശേഷിച്ച അപേക്ഷകർക്ക് സഹായം എത്തിച്ചു പ്രാർത്ഥിച്ചു. ബിനു സാമുവേൽ കൃതജ്ഞത പ്രകാശിപ്പിച്ചു. ബ്രദർ ചാൾസ് ജോൺ പ്രാർത്ഥനയും ആശീർവാദവും നിർവ്വഹിച്ചു. പത്തനംതിട്ടയിലും പരിസരങ്ങളിലും നിന്നും നിരവധി സഹോദരീ സഹോദരന്മാരും സുവിശേഷകന്മാരും സ്തോത്രശുശ്രൂഷയിൽ പങ്കെടുത്തു.

# ബി.ബി.ഐ. പുതിയ കോഴ്സുകൾ

## സഹോദരിമാർക്ക് ഹ്രസ്വകാല വചനപഠനം

പത്തനംതിട്ട സുവിശേഷാലയത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഇലന്തൂർ പരിയാരത്തേക്കു മാറ്റിയതോടെ കെട്ടിടം ഇതര പ്രവർത്തനങ്ങൾക്ക് ലഭ്യമായിരിക്കുകയാണ്. ബി.ബി.ഐ-യുടെ ചുമതലയിൽ സഹോദരിമാർക്കായി രണ്ടുമാസം ദൈർഘ്യമുള്ള ഒരു ഹ്രസ്വകാല വചനപഠനകോഴ്സ് 2013-ൽ നടത്തുകയുണ്ടായി. അതിൽ 20 സഹോദരിമാർ പങ്കെടുത്ത് കോഴ്സ് വിജയകരമായി പൂർത്തിയാക്കി.

വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യ ജീവിത ഭദ്രതാപാഠങ്ങൾ, ആദിയായ വിഷയ ങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഹ്രസ്വകാല കോഴ്സ് നടത്തപ്പെടുന്നത്. പഠനതൽപര രായ സഹോദരിമാർ ഉണ്ടെങ്കിൽ 2014 മെയ് മാസത്തിൽ ഈ ഹ്രസ്വകാലകോഴ്സ് വീണ്ടും നടത്തപ്പെടുന്നതാണ്. താല്പര്യമുള്ളവർ സെക്രട്ടറി, ഗോസ്പൽ ഹാൾ, പി.ഒ. ബോക്സ് 46, പത്തനംതിട്ട. പി.ഒ., പിൻ-689 645 എന്ന വിലാസത്തിൽ അപേക്ഷാഫോറം ആവശ്യപ്പെടുക. www.bbipta.com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കാവു ന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0468 2224045, 09447265500 എന്നീ നമ്പരിൽ വിളിക്കുക.

## സുവിശേഷകന്മാർക്ക് റിഫ്രഷർ കോഴ്സ്

ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കു വേണ്ടി 2014 മാർച്ച് മാസം 3ന് റിഫ്രഷർ കോഴ്സ് ആരംഭിക്കും. എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ്. പത്തനംതിട്ടയിലുള്ള സുവിശേഷാലയത്തിലാണ് ക്ളാസുകളും താമസവും. മൂന്ന് ആഴ്ചയാണ് ഒരു ബാച്ചിന്റെ ദൈർഘ്യം. തിങ്കൾ മുതൽ വെള്ളി വരെയാണ് ക്ളാസുകൾ. വെള്ളിയാഴ്ച ശുശ്രൂഷകൾക്കായി അവരവരുടെ സ്ഥലത്തേക്ക് മടങ്ങിപ്പോകുന്നതിന് സാവകാശം ഉണ്ടായിരിക്കും. ഞായറാഴ്ച വൈകിട്ട് മടങ്ങി വരേണ്ടതാണ്. ഓരോ ബാച്ചിലും മുപ്പതുസുവിശേഷകന്മാർക്ക് പ്രവേശനം നൽകും. കൂടാതെ, സ്ഥിരമായി സുവിശേഷപ്രവർ ത്തനത്തിൽ ഏർപ്പെടുന്ന സഹോദരന്മാർക്കും പ്രവേശനമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9447265500 എന്ന നമ്പറിൽ (E-mail: bbipathanamthitta @gmail.com) ബന്ധപ്പെടുക. www.bbipta. com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്.



# ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്
## തുടക്കവും വളർച്ചയും

ദൈവത്തിന്റെ അപാരമായ കൃപയും മാറ്റമില്ലാത്ത വിശ്വസ്തതയുമാണ് ബി.ബി.ഐയുടെ കഴിഞ്ഞ 25 വർഷങ്ങളിലെ നിലനിൽപ്പും പുരോഗതിയും വെളിപ്പെടുത്തുന്നത്. ചെറിയ ഒരു മുറിയിൽ ആരംഭിച്ച ബാച്ചിലർ ഓഫ് തിയോളജി പ്രോഗ്രാം ഇന്ന് വേദപഠനത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ നടത്തുന്ന ഒരു ഫസ്റ്റ് ഗ്രേഡ് തിയോളജിക്കൽ കോളജ് ആയിത്തീർന്നിരിക്കുന്നത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ്. വിശ്വാസികളുടെ പ്രാർത്ഥനയും കൂട്ടായ്മയും ഇതിന്റെ പിൻപിലുണ്ട്.



ബി.ബി.ഐ. ടീം രാജക്കാട് സഭാംഗങ്ങളോടൊപ്പം

### ചെറിയ തുടക്കം

ഒരു ചെറിയ ആരംഭത്തിന്റെ വികസിത രൂപമാണ് ഇന്നത്തെ ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ഒരു ധ്യാനയോഗത്തിൽ ആരംഭിച്ച് ഒരു സുവിശേഷ പ്രചാരക സംഘമായി വളർന്ന് ഒരു വേദവിദ്യാപീഠമായി രൂപംകൊണ്ട ഒരു പ്രസ്ഥാനം. ആരംഭം ഒരു പ്രാർത്ഥനാഗ്രൂപ്പായിട്ടായിരുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പതുകളിൽ. അതിനു മുൻകൈ എടുത്തത് പരേതനായ കെ.കെ. വറുഗീസ് കരിങ്കുറ്റിക്കൽ. ധ്യാനയോഗം എന്ന് അവർ അതിന് പേരിട്ടു. അവർ എന്നുവച്ചാൽ അക്കരക്കുന്നത്ത് അവറാച്ചൻ, മാവേലിക്കര യോഹന്നാച്ചൻ, പത്തിയിൽ തോമാച്ചൻ മുതൽപേർ. താമസിയാതെ പത്തനംതിട്ട ടൗണിൽ ഒരു റൂം വാടകയ്ക്ക് എടുത്ത് സുവിശേഷാലയം എന്ന് അതിനു പേരിട്ടു. പ്രധാനമായി പ്രാർത്ഥനയ്ക്കായിട്ടാണ് അത് ഉപയോഗിച്ചത്. എന്നാൽ കുറെ നാളുകൾക്കുശേഷം ആ പ്രവർത്തനം മുടങ്ങി. അതിനുശേഷം 1950-കളിൽ ധ്യാനയോഗം വീണ്ടും ആരംഭിച്ചു. തുടക്കം തെക്കേപ്പുറമ്പിൽ റ്റി.എം. ജോർജ്ജ് സാറിന്റെ ഭവനത്തിലായിരുന്നു. 1958-ൽ പ്ലാവുനിൽക്കുന്നതിൽ പി.റ്റി. ഏബ്രഹാം സാർ ഈ ധ്യാനയോഗത്തിൽ ചേരുകയും, പ്രവർത്തനങ്ങൾ കുറെക്കൂടി സംഘടിതമാക്കുകയും ചെയ്തു. പരസ്യവേല, സംയുക്തസഭായോഗം, ബാലസംഘം, സോദരീസമാജം ക്യാമ്പ് മുതലായ ആത്മീയ ശുശ്രൂഷകൾ ആരംഭിച്ചു. റ്റി.എം. ജോർജ്ജ് സാർ, റ്റി.കെ. ജോർജ്ജ് കരിങ്കുറ്റിക്കൽ മുതലായ പല യുവാക്കന്മാർ ശുശ്രൂഷയിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചു. 1960-ൽ പത്തനംതിട്ട കൺവൻഷൻ ആരംഭിക്കുകയുണ്ടായി.



ബി.ബി.ഐ. ടീം തമിഴ്നാട്ടിൽ

### ദർശനവും സമർപ്പണവും

1966 ഓഗസ്റ്റ് 26-ാം തീയതി കൺവൻഷൻ ഗ്രൗണ്ടിനായി അല്പം സ്ഥലം പത്തനംതിട്ടയിൽ സ്റ്റീവാ ഡ്സ് അസ്സോസിയേഷന്റെ പേരിൽ വാങ്ങി. റ്റി.കെ. സാമുവേൽ ഇലന്തൂർ, മാമ്മൻ കുര്യൻ പാറയിൽ, അരീപ്പറമ്പ് കുര്യാച്ചൻ, എസ്. എസ്. ഡേവിഡ് പുനലൂർ എന്നീ ദൈവദാസന്മാരുടെ ആത്മീയ നേതൃത്വം സുവിശേഷാലയ പ്രവർത്തനങ്ങൾക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു. കൂടാതെ, നെടുഞ്ചേരിൽ സാറാമ്മ, മേക്കൊഴൂർ ചാക്കോച്ചനും കുടുംബവും വടശ്ശേരിക്കര റാഹേലമ്മ മുതലായവരും ഈ പ്രവർത്തനത്തിന് സഹായികളായിരുന്നു. 9 വർഷക്കാലം പി.റ്റി. എബ്രഹാം സാറിന്റെ നേതൃത്വത്തിൽ സുവിശേഷാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഈ വേലകൾക്കെല്ലാം ബ്രദർ എ.ഒ. തോമസ് കൊട്ടാരക്കര നൽകിയ സഹായം വളരെ വലുതായിരുന്നു. 1977-ൽ പി.റ്റി.എബ്രഹാം സുവിശേഷാലയ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കുകയും ഏകദേശം ഒരു വർഷത്തോളം കാര്യമായ ശുശ്രൂഷകൾ നടക്കാതെ ഇരിക്കുകയും ചെയ്തു. അതിനുശേഷം കെ.കെ. വറുഗീസ്, മേക്കൊഴൂർ ചാക്കോച്ചൻ, റ്റി.കെ. സാമുവേൽ, റ്റി.എം. ജോർജ് മുതലായവരുടെ ഉത്സാഹത്താൽ ഒരു ആലോചനായോഗം കൂടുകയും സുവിശേഷാലയ പ്രവർത്തനങ്ങൾ നിർവിഘ്നം തുടരാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ റ്റി.എം. ജോർജ് സാറിനെ സെക്രട്ടറിയായി നിയമിച്ചു.

1980-ൽ അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് പത്തനംതിട്ട കൺവൻഷൻ ഗ്രൗണ്ടിൽ ഇന്നു കാണുന്ന മെയിൻ ബിൽഡിംഗ് പണി ആരംഭിച്ചത്. 1983-ൽ പണി പൂർത്തീകരിച്ചു. അവിടെയാണ് ബി.ബി.ഐ.-യുടെ ഫസ്റ്റ് ബാച്ച് 1989-ൽ ആരംഭിച്ചത്. ഇങ്ങനെയൊരു കോളജ് തുടങ്ങാൻ ഒരു ട്രസ്റ്റ് രൂപീകരിക്കേണ്ടിയിരുന്നു. അതിന് നമ്മെ സഹായിച്ചത് മി. ജർമൻ അവർകളാണ്. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം സുവിശേഷാലയ പ്രവർത്തനങ്ങളും തുടരേണ്ടിയിരുന്നതുകൊണ്ട് അതിന്റെ മേൽനോട്ടത്തിനുവേണ്ടി ഒരു ട്രസ്റ്റ് രൂപീകരിക്കുകയുണ്ടായി. രണ്ട് ട്രസ്റ്റിലെയും അംഗങ്ങളും ഓഫീസ് ബെയറേഴ്സും ഒന്നുതന്നെ.



ബി.ബി.ഐ. ഭരണസമിതി അംഗങ്ങൾ

### പരിയാരത്തോടു പിരിയാബന്ധം

1989 മുതൽ 2009 വരെയുള്ള 20 വർഷങ്ങളിൽ ബി.ബി.ഐ. പത്തനംതിട്ട ഗോസ്പൽ ഹാളിൽ പ്രവർത്തിച്ചുവന്നു. 2009 മെയ് 11-ാം തിയതി മുതൽ ബി.ബി.ഐയുടെ പ്രവർത്തനം പരിയാരത്തുള്ള പുതിയ കെട്ടിടത്തിലേക്കു മാറ്റുന്നതിന് ദൈവം സഹായിച്ചു. പത്തനംതിട്ടയിൽ നിന്ന് 7 കിലോമീറ്റർ അകലെ ഇലന്തൂരിനു സമീപമുള്ള പരിയാരം എന്ന സ്ഥലത്ത് 1 ഏക്കർ 30 സെന്റു സ്ഥലം ബി.ബി.ഐക്കായി ദൈവം ഒരുക്കി. ലോകമെമ്പാടുമായി ചിതറിക്കിടക്കുന്ന വേർപെട്ട വിശ്വാസികളുടെ ചെറുതും വലുതുമായ ത്യാഗോജ്ജ്വലസഹായം യഥാസമയം ബി.ബി.ഐയുടെ ശുശ്രൂഷയ്ക്ക് പ്രത്യേകിച്ച് പരിയാരത്തുള്ള പുതിയ കെട്ടിട നിർമ്മാണത്തിന് ലഭിക്കയുണ്ടായി.



വചനപഠനം നേടിയവരെ വയലിലേക്ക്..
ഡോ. കെ.സി. ജോൺസൺ പരിഭാഷ ഫെബിൻ ജോൺസ്

സുവിശേഷാലയത്തിന്റെ പ്രാരംഭപ്രവർത്തകരെല്ലാം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. എന്നാൽ പ്രവർത്തനങ്ങൾ കർത്താവ് തുടരുന്നു. ബി.ബി.ഐ. ട്രസ്റ്റും പ്രിൻസിപ്പൽ, രജിസ്ട്രാർ, അക്കാഡമിക് ഡീൻ, മറ്റ് അദ്ധ്യാപകർ, സ്റ്റാഫ് എന്നിവർ ഒത്തുചേർന്ന് കർത്താവിന്റെ സഹായത്താൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രാർത്ഥനാപൂർവ്വം മുമ്പോട്ടു കൊണ്ടുപോകുന്നു. ഇപ്പോൾ 39 സഹോദരന്മാർ ബി.ബി.ഐയിൽ വചനം പഠിക്കുന്നുണ്ട്. അവരിൽ 10 പേർ 2014 മാർച്ച് ഒന്നിന് പഠനം പൂർത്തീകരിക്കും.

### വിളഞ്ഞ വയലുകളിൽ

സുവിശേഷഘോഷണത്തെ സംബന്ധിച്ചിടത്തോളം ഭാരതം അഭൂതപൂർവ്വമായ ഒരു ദുർഘട സമയത്തിലൂടെയാണു കടന്നുപോകുന്നത്. പരസ്യ പ്രവർത്തനങ്ങളുടെ വാതിൽ ഏതാണ്ട് അടഞ്ഞിരിക്കുകയാണ്. അതേ സമയം മറ്റു ചില വാതിലുകൾ തുറക്കുന്നുമുണ്ട്. അതിലൊന്നാണ് സാഹിത്യത്തിൽ കൂടിയുള്ള പ്രചാരണം. മറ്റൊന്നാണ് തദ്ദേശവാസികളായ യുവാക്കന്മാരെ വചനം പഠിപ്പിച്ച് അതാത് പ്രദേശത്തേക്ക് അയയ്ക്കുക എന്നുള്ളത്. ആ പരിപാടി ഫലകരമായി ചെയ്തുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ഇന്ന് ആസാം, മേഘാലയ, രാജസ്ഥാൻ, ബംഗാൾ, ജാർഖണ്ഡ്, ഒറിസ്സ, ബിഹാർ, ഗുജറാത്ത്, ഛത്തീസ്ഗഡ്, മഹാരാഷ്ട്രാ, മദ്ധ്യപ്രദേശ്, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ ബി.ബി.ഐയുടെ കഴിഞ്ഞ 15 ബാച്ചുകളിൽ പഠിച്ച 166 വിദ്യാർത്ഥികൾ കർത്തൃവേലയിൽ ഏർപ്പെട്ടിരിക്കുന്നു. അവരുടെ പ്രവർത്തനഫലമായി 55ൽ അധികം സ്ഥലം സഭകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് സ്തോത്രത്തിനായി പ്രസ്താവിക്കുന്നു.

### പ്രാർത്ഥനയും പിന്തുണയും അനിവാര്യം

ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇത:പര്യന്തമുള്ള പ്രവർത്തനങ്ങൾ നിർവിഘ്നം നടത്തുന്നതിന് കർത്താവ് സഹായിച്ചു. ഗൾഫ് പ്രദേശത്തുള്ള സഹോദരവർഗ്ഗത്തെ ബി.ബി.ഐ-യുടെ ഭൗതികാവശ്യ നിർവഹണത്തിൽ കർത്താവ് വളരെ ഉപയോഗിച്ചിട്ടുണ്ട്. ജീവിത ച്ചെലവ് വളരെ വർദ്ധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ സഹോദരന്മാർ പൂർവ്വാധികം ഈ ശുശ്രൂഷയെ പ്രാർത്ഥനയാലും സാമ്പത്തിക കൂട്ടായ്മയാലും സഹായിക്കണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

തയ്യാറാക്കിയത്:
ഒ.റ്റി. ചെറിയാൻ അഡ്മിനിസ്ട്രേറ്റർ,
ഡോ. കെ.സി. ജോൺസൺ
അക്കാഡമിക് ഡീൻ



പഠനം പൂർത്തിയാക്കിയവർ അദ്ധ്യാപകരോടൊപ്പം...

# കുമ്പനാട് ബ്രദ്റൺ സഭയും ബ്രദ്റൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും : ചില യാഥാർത്ഥ്യങ്ങൾ

**കഴിഞ്ഞ ചില നാളുകളായി കുമ്പനാട് ബ്രദ്റൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും സ്ഥലം സഭയുമായി ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങളും കോടതി കേസുകളും നിലവിലുണ്ട് എന്ന് പത്രമാസികകൾ, ഇന്റർനെറ്റ്, ലഘുലേഖകൾ തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന വാർത്തകളുടെ നിജഃസ്ഥിതി ദൈവമക്കളെ അറിയിക്കണമെന്ന് 31-12-2013 ൽ ചേർന്ന സ്കൂളിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനമനുസരിച്ച് പ്രസിദ്ധീകരിക്കുന്നത്:**

**1979-ൽ** ബ്രദറൺ സഭകളിലെയും പരിസരപ്രദേശങ്ങളിലെയും കുഞ്ഞുങ്ങളുടെ ആത്മികവും ഭൗമികവുമായ നന്മയെ കരുതി പ്രാരംഭത്തിൽ മിഡിൽ സ്കൂൾ ആയും പിന്നീട് ഹൈസ്കൂളായും പ്രവർത്തനം ആരംഭിച്ചതാണ് ബ്രദ്റൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ. സ്കൂൾ പ്രവർത്തിക്കുവാൻ ആവശ്യമായ സ്ഥലം ശാശ്വത പാട്ടമായി നൽകി സ്റ്റുവേർഡ്സ് അസോസിയേഷൻ ഇൻ ഇൻഡ്യ സഹായിച്ചു. (ചിലർ പ്രചരിപ്പിക്കുന്നതുപോലെ സ്ഥലം സഭയുടെ വക സ്ഥലം സ്കൂളിനുവേണ്ടി ആവശ്യപ്പെടുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല) എന്നാൽ കുമ്പനാട്ട് സഭയിലെ മൂപ്പന്മാരായ ചില സഹോദരന്മാരുടെ പിന്തുണ സ്കൂൾ പ്രവർത്തനത്തിന് ലഭിച്ചിരുന്നു എന്നത് കൃതജ്ഞതയോടെ ഓർക്കുന്നു. കുമ്പനാട് സഭ പണിയുന്ന മെസ്സ് ഹാളിന് എതിരായി പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിലപാടും സ്കൂൾ മാനേജ്മെന്റ് ഇന്നേവരെ സ്വീകരിച്ചിട്ടില്ല. സഭയ്ക്കോ മൂപ്പന്മാർക്കോ എതിരായി കോടതിയിലോ പോലീസ് സ്റ്റേഷനിലോ യാതൊരു കേസും ഇതുവരെ നൽകിയിട്ടില്ല. ഇതിനു വിരുദ്ധമായി 3 കോടതികളിൽ കേസ് കൊടുത്തിരിക്കുന്നു എന്ന് ചിലരും 7 കോടതികളിൽ കേസ് കൊടുത്തിരിക്കുന്നു എന്ന് മറ്റു ചിലരും പ്രചരിപ്പിക്കുന്നത് അവാസ്തവും സത്യവിരുദ്ധവുമാണ്. ഇതോടുള്ള ബന്ധത്തിൽ ചില യാഥാർത്ഥ്യങ്ങൾ ദൈവജനത്തെ അറിയിക്കേണ്ടത് അത്യാവശ്യമാണ്.

**1.** ഇംഗ്ലീഷ് മീഡിയം സ്കൂളിനോടു ചേർന്ന് വടക്കു കിഴക്കു ഭാഗത്ത് 10 സെന്റ് സ്ഥലം വിൽക്കാനുണ്ട് എന്ന് അതിന്റെ ഉടമസ്ഥൻ അറിയിച്ചപ്പോൾ വഴി സൗകര്യമില്ലാത്തതും കുന്നിൻ മുകളിലുള്ളതുമായ ഈ സ്ഥലം കുമ്പനാടു സഭ സ്കൂളിന്റെ പേർക്ക് വാങ്ങിച്ചു തന്നാൽ പകരം നിലവിലുള്ള മെസ്സ് ഹാളിനോടു ചേർന്ന 10 സെന്റ് സ്ഥലം തരാമെന്ന് സ്കൂൾ രേഖാമൂലം അറിയിച്ചുവെങ്കിലും സഭയ്ക്ക് ഇതിന് സമ്മതമില്ലായിരുന്നു.

**2.** മെസ്സ് ഹാളിന് ചേർന്നുള്ള സ്കൂൾ വക 10 സെന്റ് സ്ഥലം ചില വ്യവസ്ഥകൾക്കു വിധേയമായി സഭയ്ക്ക് മെസ്സ് ഹാൾ പണിയുന്നതിന് വിട്ടു കൊടുക്കാമെന്ന് സ്കൂൾ അറിയിച്ചിട്ടും സഭ അത് വേണ്ടെന്ന് അറിയിച്ചു. (വാർഷിക പരിപാടികൾ ഉൾപ്പെടെയുള്ള മീറ്റിംഗുകൾ നടത്താൻ മെസ്സ് ഹാൾ അനുവദിക്കണമെന്നുള്ള സ്കൂളിന്റെ ആവശ്യം സഭ നിരസിച്ചതുമൂലമാണ് ഈ നിർദ്ദേശവും നടപ്പാക്കാൻ കഴിയാതെ പോയത്).

**3.** ഒന്നാം ഖണ്ഡികയിൽ പ്രസ്താവിക്കപ്പെട്ട 10 സെന്റു സ്ഥലം പിന്നീട് സ്കൂൾ വില കൊടുത്ത് വാങ്ങിയപ്പോൾ സ്കൂളിന് അധികമായി കൈവശം വന്ന 10 സെന്റ് സ്ഥലത്തിൽ 3 സെന്റ് സ്ഥലം K.E.M. Fund ഓഫീസ് നിർമ്മാണത്തിനും 7 സെന്റ് സ്ഥലം സഭയ്ക്കും കൊടുക്കാമെന്ന് സ്കൂൾ കമ്മറ്റി നിർദ്ദേശിച്ചു. സ്കൂളിന്റെ പുനരുദ്ധാന പ്രവർത്തനത്തിന് ഉപയോഗിക്കുവാനായി ചെറിയ ഒരു സംഭാവന വേണമെന്ന സ്കൂൾ കമ്മറ്റിയുടെ ആവശ്യം K.E.M. Fund കമ്മറ്റി അംഗീകരിച്ചെങ്കിലും സഭ അതിന് തയ്യാറായില്ല. (സഭയ്ക്ക് സ്ഥലം കൊടുക്കുകയില്ല എന്ന നിലപാട് സ്കൂൾ കമ്മറ്റി എടുത്തിട്ടില്ല). തൽഫലമായി ഈ നിർദ്ദേശവും നടപ്പാക്കാൻ കഴിയാതെപോയി. തുടർന്ന് സ്കൂളിന്റെയും K.E.M. Fund ന്റെയും കൈവശമുള്ള സ്ഥലവും മെസ്സ് ഹാളിന്റെ സ്ഥലവും തമ്മിലുള്ള അതിർത്തി കുമ്പനാട്ടു സഭയിലെ സഹോദരന്മാർ ചിലർ ചേർന്ന് തിട്ടപ്പെടുത്തി അതിർ മതിൽ നിർമ്മിക്കുവാൻ ശ്രമിച്ചപ്പോൾ അത് ശരിയായ രീതിയിലല്ല എന്നു മനസ്സിലാക്കിയ സ്കൂൾ മാനേജ്മെന്റ് SAI സെക്രട്ടറിയെ വിവരം അറിയിക്കുകയും സഹോ. തോമസ് രാജൻ കുമ്പനാട്ടെത്തി സഭയിലെ ചുമതലപ്പെട്ട സഹോദരന്മാരെ മാത്രം വിളിച്ച് അതിർത്തി നിർണ്ണയിക്കുകയും അതിൻ പ്രകാരം സഭയുടെ ഉത്തരവാദിത്വത്തിലും ചെലവിലും ടി സ്ഥലത്ത് അതിൽ മതിൽ നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ്.

**4.** എന്നാൽ ചില മാസങ്ങൾക്കു ശേഷം പഴയ മെസ്സ് ഹാൾ പൊളിച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ കുമ്പനാട്ടു സഭയുടെ ചുമതലയിൽ നിർമ്മിച്ച മതിലും അതിനോടു ചേർന്ന് 27 അടി നീളത്തിൽ 1979 മുതൽ കരിങ്കല്ലും വെട്ടുകല്ലും ഉപയോഗിച്ച് പണിത മതിൽക്കെട്ടും സഭയിലെ ഒരു സഹോദരന്റെ നേതൃത്വത്തിൽ JCB ഉപയോഗിച്ച് പൊളിച്ചു മാറ്റുന്നതു കണ്ട സ്കൂളിന്റെ ചുമതലപ്പെട്ട സഹോദരൻ അങ്ങനെ ചെയ്യരുത് എന്ന് അഭ്യർത്ഥിച്ചു. കൂടാതെ സഭയിലെ മൂന്ന് മൂപ്പന്മാരെ സന്ദർശിച്ച് മതിൽ കെട്ട് പൊളിക്കുന്നത് നിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ ആവശ്യം നിരാകരിക്കപ്പെടുകയും സ്കൂളിനുവേണ്ടി നിയമപരമായി പണിത മതിലും സഭതന്നെ പണിത കരിങ്കൽ കെട്ടും തകർത്ത് സ്കൂളിന്റെ അധീനതയിൽ നിലനിൽക്കുന്ന 8 അടിയോളം വീതിയും 140 അടിയോളം നീളവുമുള്ള സ്ഥലം JCB ഉപയോഗിച്ച് പൊളിച്ചു കൈയ്യേറുകയാണുണ്ടായത്.

**5.** തുടർന്ന് സ്കൂൾ എക്സിക്യൂട്ടീവ് കമ്മറ്റി അടിയന്തരമായി ചേർന്ന് അതിർ സംബന്ധിച്ച് കൂടുതൽ പ്രയാസങ്ങൾ ഉണ്ടാകാതിരിക്കുവാൻ സഭയുമായി ചർച്ച ചെയ്യുന്നതിന് മൂന്നംഗങ്ങൾ അടങ്ങുന്ന ഒരു അനുരഞ്ജന കമ്മറ്റിയെ നിയോഗിച്ചു.എന്നാൽ സഭ അനുകൂലമായ നിലപാട് എടുക്കാഞ്ഞതിനാൽ ആ ശ്രമവും ഫലം കണ്ടില്ല.

**6.** സ്കൂളിന്റെ വക കൈയ്യേറപ്പെട്ട സ്ഥലത്ത് പഴയ സ്ഥിതി പുനസ്ഥാപിക്കണമെന്നും ഇനിയും യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ല എന്നും പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കണമെന്നും അല്ലാത്ത പക്ഷം നിയമപരമായ നടപടി സ്വീകരിക്കേണ്ടി വരുമെന്നും സഭയെ രേഖാമൂലം അറിയിച്ചു.

**7.** ഇവയെല്ലാം അവഗണിച്ച് ചില ദിവസങ്ങൾക്കുള്ളിൽ അനുരഞ്ജന ശ്രമങ്ങൾ ഒക്കെ നിരാകരിച്ച് കൈയ്യേറ്റം നടന്ന സ്ഥലത്ത് വീണ്ടും JCB ഉപയോഗിച്ച് പ്രവർത്തനങ്ങൾ കുമ്പനാട്ട് സഭയിലെ ഒരു സഹോദരന്റെ മേൽനോട്ടത്തിൽ ചെയ്യുന്നതു കണ്ടപ്പോൾ മറ്റു മാർഗ്ഗങ്ങൾ ഇല്ലാഞ്ഞതിനാൽ പോലീസിൽ വിവരം അറിയിച്ചു. തുടർന്ന് പോലീസ് സ്ഥലം സന്ദർശിച്ച് പണിനിർത്തിവെയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായി.

**8.** പോലീസ് അധികാരികൾ ആവശ്യപ്പെട്ടതനുസരിച്ച് സ്കൂളിന്റെ ചുമതലപ്പെട്ട സഹോദരന്മാരും, മതിൽ കെട്ടും കരിങ്കല്ലു കെട്ടിയ അതിർത്തിയും പൊളിച്ച് സ്കൂൾ വക സ്ഥലം കൈയ്യേറി പണികൾ നടത്തിയ കുമ്പനാട്ടു സഭയിലെ സഹോദരനും പോലീസിന്റെ മദ്ധ്യസ്ഥതയിൽ താലൂക്ക് സർവ്വേയർ സ്ഥലം സന്ദർശിച്ച് അതിർ സംബന്ധിച്ച തീരുമാനം എടുക്കണമെന്ന പോലീസ് നിർദ്ദേശം ഇരുകൂട്ടരും അംഗീകരിച്ച് ഒപ്പു വച്ചു. ഈ വ്യവസ്ഥ അംഗീകരിച്ചതോടെ ഇതു സംബന്ധിച്ച് നൽകിയ പരാതി നിലവിലില്ലാതെയായി. (പോലീസിനു നൽകുന്ന കേവലപരാതിയും കേസും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ട് എന്നത് ഓർക്കണം.)

**9.** സഭയുടെ പേരിലോ മൂപ്പന്മാരുടെ പേരിലോ പോലീസിലോ കോടതിയിലോ ഒരു കേസും ഒരിക്കൽ പോലും സ്കൂൾ മാനേജ്മെന്റ് കൊടുത്തിട്ടില്ല. ഈ നിലയിൽ പ്രചരിക്കപ്പെടുന്ന വാർത്തകൾ അസത്യവും ദുരുദ്ദേശപരവുമാണ്. ഈ വസ്തുതകൾക്കെതിരായി എന്തെങ്കിലും തെളിവുകൾ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ പരസ്യപ്പെടുത്താവുന്നതാണ്.

**10.** സ്കൂൾ പ്രവർത്തനത്തിന് ക്ലിപ്തമായ സ്ഥല വിസ്തൃതി ആവശ്യമുണ്ട്. ഗവ. അംഗീകാരം നഷ്ടപ്പെടുന്ന യാതൊന്നിനും സ്കൂൾ കമ്മറ്റിക്ക് കൂട്ടു നിൽക്കാൻ പറ്റുകയില്ല.

**11.** 111-ാം ബ്രദ്റൺ ജനറൽ കൺവൻഷനോട് അനുബന്ധിച്ച് കൺവൻഷൻ കമ്മറ്റിയും സ്കൂൾ കമ്മറ്റിയും സഭയ്ക്ക് വിപരീതമായി പ്രവർത്തിച്ചു എന്നു കേട്ട പ്രസംഗകർ ഇവയ്ക്കു പരിഹാരം ഉണ്ടാകാതെ കൺവൻഷനിൽ പ്രസംഗിക്കുവാൻ പ്രയാസമുണ്ടെന്ന് അറിയിച്ചു. തുടർന്ന് പ്രസംഗകരായ സഹോദരന്മാരുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അടിയന്തര സംയുക്ത കമ്മറ്റി കൂടി പ്രശ്നങ്ങൾ വിശദമാക്കിയതോടുകൂടി അവർ എല്ലാവരും കൺവൻഷനുകളിൽ ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു എന്നത് എല്ലാവർക്കും അറിയാമല്ലോ.

**12.** 2013 ഡിസംബർ 31 ന് സ്കൂൾ മാനേജ്മെന്റ് കമ്മറ്റി സഭയുടെ ആവശ്യം വീണ്ടും പരിഗണിക്കുകയും 5 സെന്റ് സ്ഥലം മെസ്സ് ഹാളിനോട് ചേർന്ന് സഭയുടെ ആവശ്യത്തിലേക്ക് വ്യവസ്ഥകൾക്ക് വിധേയമായി നൽകാമെന്ന തീരുമാനം സഭയെ അറിയിച്ചു എന്നതും പ്രസ്താവ്യമാണ്.

**13.** വ്യാജ പ്രസ്താവനകളും വ്യക്തിപരമായ ആക്ഷേപങ്ങളും നടത്തുന്നതും പ്രചരിപ്പിക്കുന്നതും രാജ്യത്തെ നിയമങ്ങൾ, സൈബർ വ്യവസ്ഥകൾ തുടങ്ങിയവ അനുസരിച്ച് കുറ്റകരമാണ്. നിയമനടപടികൾക്ക് സാദ്ധ്യതയുണ്ടെങ്കിലും ദൈവമക്കൾ എന്ന നിലയിൽ സ്കൂൾ കമ്മറ്റി അങ്ങനെയൊരു സാഹചര്യത്തിൽ നീങ്ങുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എങ്കിലും ഉത്തരവാദിത്വപ്പെട്ട സഹോദരന്മാർ വ്യാജ പ്രസ്താവനകൾ നടത്തി ദൈവമക്കളെ മുൾമുനയിൽ നിർത്തുന്നത് ഒഴിവാക്കുന്നതാണ് ഉചിതം.

**14.** മുകളിൽ പ്രസ്താവിക്കപ്പെട്ട വിവിധ നിർദ്ദേശങ്ങളുടെ രേഖാമൂലമുള്ള തെളിവുകൾ ആർക്കും പരിശോധിക്കാവുന്നതാണ്.

ബ്രദ്റൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിനു വേണ്ടി,

| | |
|---|---|
| **രാജു കെ. തോമസ്** | **Brig. റ്റി. വർഗീസ്** |
| പ്രസിഡന്റ് | സെക്രട്ടറി |

*(Advt.)*

## ദൈവജനത്തിന്റെ അറിവിലേക്ക്

ഇരുമ്പൂന്നിക്കര ബ്രദറൺ അസംബ്ലി കമന്റ് ചെയ്തിരുന്ന സഹോ. അനിൽകുമാർ റ്റി.ജി. സഭയുടെ ലറ്റർപാഡും സീലും കൈവശമാക്കി സഭയുടെ പേരിൽ കത്തിടപാടുകൾ നടത്തുകയും സാമ്പത്തിക നേട്ടം ലക്ഷ്യമിട്ട് സഭയുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ട് നിലനിൽക്കെ മറ്റൊരു ബാങ്കിൽ അക്കൗണ്ട് തുറക്കുകയും കത്തിടപാടുകൾക്ക് തന്റെ വിലാസം സഭയുടെ അറിവുകൂടാതെ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു. പല തവണ ഉപദേശിച്ചിട്ടും സഭയ്ക്ക് വിധേയപ്പെട്ടുപോകുവാൻ തയ്യാറായിട്ടില്ല. ആയതിനാൽ സുവിശേഷകനായി തന്നെ തുടർന്ന് അംഗീകരിക്കാൻ കഴിയില്ല എന്ന തീരുമാനത്തിൽ തന്റെ കമന്റേഷൻ ഇരുമ്പൂന്നിക്കര സഭ പിൻവലിച്ചിരിക്കുന്നു. നമ്മുടെ സമൂഹത്തിലെ പലരേയും സമീപിച്ച് പ്രസ്താവനകൾക്ക് ശുപാർശ വാങ്ങുന്നതായി സഭയുടെ അറിവിൽപ്പെട്ടിട്ടുണ്ട്. ദൈവജനം വഞ്ചിക്കപ്പെടരുത്. സ്ഥലത്തുള്ള കത്തുകൾ ഇരുമ്പൂന്നിക്കര ബ്രദറൺ ചർച്ച്, കണ്ണിമല പി.ഒ - 686509, കോട്ടയം എന്ന വിലാസത്തിൽ അയച്ചാലും.

സഭയ്ക്കുവേണ്ടി,

| | |
|---|---|
| കെ.എം. സൈമൺ | ജോൺ ജോസഫ് |
| കൊച്ചുപറമ്പിൽ | കാരുവേലിൽ |
| ഇരുമ്പൂന്നിക്കര | കനകപ്പലം പി.ഒ., |
| കണ്ണിമല പി.ഒ - 686509 | എരുമേലി - 686509 |
| 9744301484 | 9744260166 |

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM



# കുട്ടികൾ എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു?

ജോർജ്ജ് ബാറ്ന

എല്ലാ വ്യക്തികളും ദൈവത്തിന് മുമ്പിൽ പ്രാധാന്യമുള്ളവരാണ്. കുട്ടികൾക്ക് ഒരു പ്രത്യേക പരിഗണനന ദൈവത്തിന്റെ ഹൃദയത്തിലുണ്ട്.

**ദൈവത്തെ സംബന്ധിച്ചിടത്തോളം കുട്ടികൾ പ്രാധാന്യമുള്ളവരാണ്**

കുട്ടികൾക്ക് അതുല്യമായ പ്രാധാന്യം ദൈവത്തിന്റെ പക്കൽ ഉണ്ട് എന്നത് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. കുട്ടികളെപ്പറ്റി ബൈബിൾ നടത്തുന്ന പരാമർശങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകുന്നതാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ അനേകം സാദ്ധ്യതകളും അവസരങ്ങളും ഉള്ളവരാണ്.

● *കുഞ്ഞുങ്ങൾ ദൈവത്തിന്റെ സമ്മാനമാണ്.* നമ്മോടുള്ള തന്റെ സ്നേഹത്തിന്റെയും വ്യക്തിപരമായ സംതൃപ്തിയുടെയും ഒരു പ്രത്യേക അടയാളമായാണ് ദൈവം കുഞ്ഞുങ്ങളെ നമുക്ക് നൽകുന്നത്. (ആവ. 7:13, സങ്കീ. 127:3 കാണുക).

● *തങ്ങളുടെ കുഞ്ഞുങ്ങളിലൂടെ മുതിർന്നവർ പ്രത്യേക അനുഗ്രഹങ്ങൾ നേടുന്നു.* കുട്ടികളിലൂടെ, കുടുംബങ്ങൾക്കും സ്നേഹിതർക്കും വിവിധ തരത്തിലുള്ള അനുഗ്രഹങ്ങൾ ദൈവം നൽകുന്നു. മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിലൂടെ വെല്ലുവിളികളിലൂടെ ദൈവം നമ്മെ പക്വത പഠിപ്പിക്കുന്നു. (സംഖ്യാ. 5:28, ആവ. 28:4, 11, വിലാപങ്ങൾ 4:2).

● *കുട്ടികൾ ആഗ്രഹിക്കത്തക്കവരാണ്.* മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ ദൈവം നമ്മോട് സന്താനപുഷ്ടിയുള്ളവരായിരിക്കാൻ പറഞ്ഞിട്ടുണ്ട്. 'കുട്ടികൾ വേണ്ട' എന്ന് ഏതെങ്കിലും ദമ്പതികൾ എടുക്കുന്ന തീരുമാനം തീർച്ചയായും ആഗ്രഹിക്കത്തക്ക ഒന്നല്ല. (ഉല്പത്തി 9:7; ആവ. 6:3, ലൂക്ക. 1:24–25).

● *ദൈവത്തിനും അവന്റെ വഴികൾക്കും അനുയോജ്യമായി എങ്ങനെ ചിന്തിക്കയും പ്രവർത്തിക്കുകയും ചെയ്യണം എന്നത് കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.* തങ്ങളുടെ വരും തലമുറയ്ക്ക് അനുയോജ്യമായ അറിവുകളും പെരുമാറ്റരീതികളും പകർന്നുകൊടുക്കുക എന്നതാണ് മുതിർന്നവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന്. ദൈവത്തോടുള്ള ബന്ധത്തിൽ വളരുവാനാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ സ്വഭാവവും പ്രതീക്ഷകളും സംബന്ധിച്ചുള്ള നമ്മുടെ ബോദ്ധ്യങ്ങൾ എന്നത് പ്രധാനമായ ഒരു സംഗതിയാണ്. (പുറ. 12:26,37; ആവ. 4:9–10, 6:1–7; 31; 12–13; സങ്കീ. 78: 4–6; സദൃശ്യ. 22:6 കാണുക).

● *ദൈവവുമായി ഫലകരമായ ഒരു ബന്ധം ഉണ്ടാക്കുന്നവിധം അവനെ അനുസരിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കണം.* മനുഷ്യവർഗ്ഗത്തിന്റെ കേന്ദ്ര ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് അനുസരണം. തന്റെ കല്പനകൾ അനുസരിക്കുവാനും ആ അനുസരണത്തിന്റെ സദ്ഫലങ്ങൾ കൊയ്യുവാനും യോഗ്യമായവിധം വളർത്തപ്പെടേണം എന്നാണ് വേദപുസ്തകത്തിലുടനീള ദൈവം മനുഷ്യനെ പ്രബോധിപ്പിക്കുന്നത്. (സദൃ. 8:32; 19:26, യിര. 2:30; 3:22; എഫേ. 6:1; കൊലോ. 3:20).

● *കുഞ്ഞുങ്ങൾ ദൈവത്തിനു വിലപ്പെട്ടവരാകയാൽ അവരെ സംരക്ഷിക്കുവാൻ ദൈവം നമ്മോട് കല്പിക്കുന്നു.* തങ്ങളുടെ കുഞ്ഞുങ്ങളുടെ ആത്മീകവും ശാരീരികവുമായ സുരക്ഷിതത്വം ഉറപ്പാക്കുവാൻ മാതാപിതാക്കൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. (1 ശമു. 20:42, എസ്രാ. 8:21).

● *തന്റെ കുഞ്ഞുങ്ങളുമായി ഉത്തമമായ ഒരു ബന്ധം ദൈവം ആഗ്രഹിക്കുന്നു.* അതുകൊണ്ട് തന്റെ സാന്നിദ്ധ്യത്തിൽ കുട്ടികൾ എങ്ങനെ പ്രവേശിക്കണം എന്നും തന്റെ കൂട്ടായ്മ എങ്ങനെ അനുഭവിക്കണം എന്നും ദൈവം വിശദീകരിക്കുന്നു. (സങ്കീ. 8:2; 34:11; 103:13, മലാ. 2:15, മത്താ. 21:15, മർക്കോ. 10:13–16).

● *കുട്ടികൾക്ക് അച്ചടക്കം ലഭിക്കുന്നു എന്ന് ഉറപ്പാക്കുവാൻ തക്ക ഗൗരവത്തോടെ ദൈവം അവരെ സ്നേഹിക്കുന്നു.* അത്തരം രൂപപ്പെടുത്തൽ നൽകപ്പെടുന്ന മാർഗ്ഗം എന്തായാലും അത് ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള സ്നേഹാതിരകത്തിന്റെ പ്രതിഫലനമാണ്. (സദൃ. 3:11–12, 13:24; 19; 18,23; 13,29; 15–17 എഫേ. 6:4).

● *ദൈവം കുഞ്ഞുങ്ങളുടെ സ്വഭാവവും വ്യക്തിത്വവും ഇഷ്ടപ്പെടുന്നു.* ആത്മാർത്ഥത, എളിമ, കാപട്യമില്ലായ്മ, ലാളിത്യം, വിധേയത്വം എന്നീ ഗുണങ്ങൾ കുഞ്ഞുങ്ങളിൽ ദർശിക്കുന്നവയാണ് എന്ന് തിരുവചനം വ്യക്തമായി എടുത്തുകാട്ടുകയും ദൈവം ഇവയെ അമൂല്യമായി കരുതുകയും ചെയ്യുന്നു. (മത്താ. 18:3, 19:14, ഫിലി. 2:15 കാണുക).

കുട്ടികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് ദൈവത്തിന്റെ ഈ കാഴ്ചപ്പാടുകൾ, വ്യക്തവും നിഷേധിക്കാനാവാത്തതുമായ ഒരു സന്ദേശമാണ് ഒരു സന്ദേശമാണ് നമുക്കു നൽകുന്നത്. കുഞ്ഞുങ്ങൾ ദൈവത്തെ സംബന്ധിച്ച് ഇത്ര പ്രധാനമാണ് എങ്കിൽ നമ്മെ സംബന്ധിച്ചു അത്രത്തന്നെയാകേണ്ടതുണ്ട്.

മുന്തിയ പരിഗണനന നൽകി ഒന്നാംതരം പ്രവർത്തനങ്ങൾ കുട്ടികൾക്കിടയിൽ നടത്തേണ്ടതിന്റെ ആവശ്യകത മുമ്പു വിവരിച്ച കണക്കുകളിൽ (അദ്ധ്യായം 2) നിന്നു നമുക്കു ലഭിക്കുന്നു. മുമ്പു കണ്ട കണക്കുകളിൽനിന്നും ബോദ്ധ്യമാകുന്ന ഒരു കാര്യം മിക്കപേരും യേശുവിനെ സംബന്ധിച്ച് എന്തു ചെയ്യണം എന്ന കാര്യം – പൂർണ്ണഹൃദയത്തോടെ പിൻപറ്റണോ, വെറുതെ അംഗീകരിച്ചാൽ മതിയോ, അതോ നിരാകരിക്കുകയും അവഗണിക്കുകയും ചെയ്യണമോ – തങ്ങൾ ചെറുപ്പമായിരിക്കുമ്പോൾത്തന്നെ തീരുമാനിക്കുന്നു എന്നാണ്. തങ്ങളുടെ നിത്യമായ അവസ്ഥയും ഭാവിയും സംബന്ധിച്ച് സംശയങ്ങളും ഉത്തരങ്ങളും മിക്ക കുട്ടികളും അഭിമുഖീകരിക്കുകയും ഹൈസ്കൂളിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ അക്കാര്യങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കുകയും ചെയ്യുന്നു.

കുട്ടികളെ സുവിശേഷവൽക്കരിക്കുകയും ശിഷ്യപ്പെടുത്തുകയും ചെയ്യുന്നത് സമയം പാഴാക്കലാണ് എന്ന് വിശ്വസിക്കുന്നവർ – എന്നു പറഞ്ഞാൽ, അത്തരത്തിലൊരുനിക്ഷേപം മുതിർന്നവരുടെ പേരിലായാൽ കൂടുതൽ ഫലങ്ങൾ നൽകും എന്നും വിശ്വസിക്കുന്നവർ – മാനുഷികമായ ബുദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രം ചിന്തിക്കുന്നവരാണ്, അല്ലാതെ പരുപരുത്ത യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നവരല്ല. പ്രായമോ മറ്റെന്തെങ്കിലും തടസ്സങ്ങളോ ദൈവത്തിന്റെ സർവ്വാധികാരത്തെ നിരാകരിക്കുന്നവയല്ല – വ്യക്തികൾ തങ്ങളുടെ കൗമാരപ്രായത്തിലോ പ്രായപൂർത്തിയായ ശേഷമോ ദൈവവുമായി ബന്ധപ്പെടുന്നതിന് ആയിരക്കണക്കിനു തെളിവുകളുണ്ട് – എങ്കിലും അത്തരം ഉദാഹരണങ്ങൾ സാധാരണമല്ലതന്നെ. തന്റെ വിശ്വാസങ്ങൾ ഒരു വ്യക്തിയെ എവിടെത്തന്നെ എത്തിച്ചാലും, സത്യം, പാപം, പാപക്ഷമ, നിത്യമായ അനന്തരഫലങ്ങൾ എന്നിവയെ സംബന്ധിച്ച് തന്റെ കൗമാരാരംഭത്തിൽ ഒരു വ്യക്തി എന്തു വിശ്വസിക്കുന്നുവോ അതുതന്നെ അയാൾ ശവക്കുഴിയോളവും അതിനപ്പുറവും കൊണ്ടുപോകുന്നു.

യഥാർത്ഥ സുവിശേഷവൽക്കരണം ആത്മാർത്ഥമായ ശിഷ്യത്വത്തിൽനിന്നു വേർതിരിക്കുവാൻ കഴിയാത്തതാകയാൽ ഇത് കേവലം സുവിശേഷവൽക്കരണം സംബന്ധിച്ച് ഒരു വിഷയം മാത്രമല്ല. മനുഷ്യർ നിത്യനാശത്തിൽനിന്നു രക്ഷ പ്രാപിക്കുക എന്നതുമാത്രമല്ല ദൈവത്തിന്റെ ലക്ഷ്യം, മറിച്ച് തന്റെ കൃപയുടെ അത്ഭുതകരമായ കഴിവിനാൽ തങ്ങളുടെ ഭൂമിയിലെ നിലനിൽപ്പിന്റെ എല്ലാ മാനങ്ങളിലും പരിവർത്തനമുള്ളവരായിരിക്കുക എന്നതാണ്. കുട്ടികൾ അവരുടെ ജീവിതാരംഭം മുതൽക്കുതന്നെ ദൈവത്താൽ സ്നേഹിക്കപ്പെടുകയും, ഏറ്റവും നല്ല അനുഭവങ്ങൾ ലഭിക്കണം എന്ന് ആഗ്രഹിക്കപ്പെടുകയും ചെയ്യുന്നതിനാൽ അവർ ദൈവത്തിനു പ്രാധാന്യമുള്ളവരാണ്. ദൈവത്തോടുള്ള അനുസരണത്തിലും സ്നേഹത്തിലും അവർ വളരുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും അനുഭവ പരിചയവും പങ്കുവയ്ക്കുന്നതിനായി അദ്ധ്യാപകരും സംരക്ഷകരുമായി നിയോഗിക്കപ്പെട്ടവരായ നമ്മിൽ ദൈവം ആശ്രയിക്കുന്നു. ●

➡3

## നയാഗ്രയുടെ ആഴങ്ങളിലും അത്ഭുതകരങ്ങളുടെ പരിപാലനം

വെള്ളച്ചാട്ടത്തിൽ വീണു മരിക്കുകയും ചെയ്തിരുന്നു.

"നീയൊരു ഭാഗ്യവാനാണ്"! റോജറിനെ കാണുവാൻ ചെന്നവരൊക്കെ വീണ്ടും വീണ്ടും അവനോടു പറഞ്ഞു. അപ്പോൾ അവൻ അവരിലൊരാളോട് നിഷ്കളങ്കതയോടെ ചോദിച്ചു: "എന്തുകൊണ്ടാണു നിങ്ങൾ അങ്ങനെ പറയുന്നത്"?

അയാൾ പറഞ്ഞു: "നയാഗ്ര വെള്ളച്ചാട്ടത്തിൽ വീണിട്ടുള്ള ആരും ഇതുവരെ രക്ഷപ്പെട്ടിട്ടില്ല. നീ മാത്രമേ ജീവനോടെ തിരികെ വന്നിട്ടുള്ളു".

റോജറിന്റെ രക്ഷപ്പെടലിന്റെ കഥ കേട്ടപ്പോൾ മറ്റൊരാൾ അവനോടു പറഞ്ഞു: "ദൈവം തീർച്ചയായും നിന്നെ കാത്തുസൂക്ഷിക്കുന്നുണ്ട്".

അയാൾ പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു റോജറിനു ശരിക്കും മനസ്സിലായില്ല. കാരണം, ദൈവത്തെക്കുറിച്ചുള്ള ചിത്രം അന്നൊന്നും അവനു വ്യക്തമായിരുന്നില്ല. അവനറിയാമായിരുന്നത് തന്റെ അമ്മയുടെ തീരാരോഗവും കുടുംബത്തിലെ സമാധാനമില്ലായ്മയുമായിരുന്നു. പിന്നീടു റോജറിന്റെ മാതാപിതാക്കൾ വിവാഹമോചനം നേടിയപ്പോൾ അവൻ ആകെ തകർന്നുപോയി. അതോടൊപ്പം, അമ്മയെ ശുശ്രൂഷിക്കുന്ന ചുമതലയും അവന്റെ തലയിലായി.

റോജറിന്റെ ജീവിതത്തിൽനിന്നു ദുഃഖം ഒരിക്കലും അകന്നുപോയില്ല. എങ്കിലും നയാഗ്ര വെള്ളച്ചാട്ടത്തിലെ വീഴ്ചയിൽനിന്നു രക്ഷപ്പെട്ട് 39 വർഷം കഴിഞ്ഞപ്പോൾ റോജർ എഴുതുകയാണ്: "ദൈവം എന്നും എന്നെ കാത്തു പരിപാലിച്ചിട്ടുണ്ട്. ഞാൻ വെള്ളച്ചാട്ടത്തിൽ വീണപ്പോൾ മാത്രമല്ല, എന്റെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം അവിടുന്ന് എന്നെ കാത്തുപരിപാലിച്ചിട്ടുണ്ട്".

നമ്മുടെ ജീവിതത്തിൽ ദൈവം നമ്മെ കാത്തുപരിപാലിക്കുന്നുണ്ടോയെന്നു പലപ്പോഴും നമുക്ക് സംശയം തോന്നിയേക്കാം. പ്രത്യേകിച്ചും ദുഃഖദുരിതങ്ങൾ നമ്മെ വിടാതെ പിന്തുടരുന്ന അവസരങ്ങളിൽ. എന്നാൽ, അവിടുത്തെ അനന്തപരിപാലനയുടെ തണലിലാണു നമ്മുടെ ജീവിതം മുന്നോട്ടുപോകുന്നത് എന്നതിൽ നമുക്കു സംശയം വേണ്ട.

നമ്മുടെ ജീവിതത്തിൽ നാം പ്രതീക്ഷിക്കാത്ത പല ദുഃഖങ്ങളും കടന്നുവരാറുണ്ട്. എന്നാൽ അവയൊന്നും ദൈവം അറിയാതെയല്ല സംഭവിക്കുന്നത് എന്നതു നാം മറക്കരുത്. ദൈവം അറിഞ്ഞാണു നമ്മുടെ ജീവിതത്തിൽ ദുഃഖദുരിതങ്ങൾ ഉണ്ടാകുന്നതെങ്കിൽ അവയെ നേരിടാനുള്ള ശക്തിയും അവിടുന്നു നമുക്കു തരുമെന്ന് തീർച്ചയാണ്. അപ്പോൾപ്പിന്നെ നമ്മുടെ ദുഃഖദുരിതങ്ങളെക്കുറിച്ചു നാം അത്രയേറെ വിലപിക്കണോ? ജീവിതത്തിൽ ദുഃഖങ്ങൾ ഒന്നിനു പുറകെ ഒന്നായി കടന്നുവരുമ്പോഴും നമുക്കു വേണ്ടതു ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് – ദൈവം എപ്പോഴും നമ്മെ കാത്തുപരിപാലിക്കുന്നു എന്ന വിശ്വാസം.

റോജർ നയാഗ്ര വെള്ളച്ചാട്ടത്തിൽ വീണപ്പോൾ ദൈവമാണ് അവിടുത്തെ കൈകളിൽ തന്നെ താങ്ങി രക്ഷിച്ചതെന്ന് "ഗൈഡ് പോസ്റ്റ്സ്" മാസികയിൽ റോജർ പ്രസിദ്ധീകരിച്ച ലേഖനത്തിൽ പറയുന്നു. താൻ സ്വന്തം ജീവിതത്തിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ ദൈവം തന്നെ കൈകളിൽ താങ്ങി രക്ഷിച്ചിട്ടുള്ള നിരവധി അവസരങ്ങൾ കണ്ടെത്താനാവുന്നുണ്ടെന്നും റോജർ ഈ ലേഖനത്തിൽ സാക്ഷിക്കുന്നു.

നമ്മുടെ ജീവിതത്തിലേയ്ക്കു നാം പിന്തിരിഞ്ഞു നോക്കിയാൽ, ദൈവം നമ്മെ താങ്ങി നിർത്തിയിട്ടുള്ള നിരവധി അവസരങ്ങൾ കണ്ടെത്താനാവും. എന്നാൽ, നമ്മുടെ ശ്രദ്ധ ഏറെ സമയവും നമുക്കുണ്ടാകുന്ന ദുഃഖദുരിതങ്ങളിലായിരിക്കുന്നതുകൊണ്ടു ദൈവം നമ്മെ താങ്ങിരക്ഷിക്കുന്ന അനുഭവങ്ങൾ നാം വിസ്മരിച്ചുപോകുന്നു.

നമ്മെ കാത്തുപരിപാലിക്കുന്ന ദൈവത്തിന്റെ മുമ്പിൽ നമുക്കു നമ്മുടെ ജീവിതം അടിയറവയ്ക്കാം. അവിടുന്നു നമ്മെ പരിപാലിച്ചു നടത്തട്ടെ. ●

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th February 2014**
Posted on **22nd February 2014 at RMS Thiruvalla**

# ബൈബിൾ ലിറ്ററേച്ചർ ഫോറം 12–ാമത് വാർഷികം ഹ്യൂസ്റ്റണിൽ നടന്നു.




കടൽ കടന്ന സാഹിത്യ കൂട്ടായ്മ. ബി.എൽ.എഫ്. വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത പ്രവർത്തകരും ആസ്വാദകരും

**ഹ്യൂസ്റ്റൺ :** അമേരിക്കയിലെ ബ്രദറൺ സാഹിത്യകാരന്മാരുടേയും സാഹിത്യാസ്വാദകരുടേയും കൂട്ടായ്മയായ ബൈബിൾ ലിറ്ററേച്ചർ ഫോറം കൊളോണിയൽ ഹിൽസ് ബൈബിൾ ചാപ്പലിൽ 12–ാമത് വാർഷിക സമ്മേളനം നടത്തി. ഫെബ്രുവരി 8 ശനി വൈകുന്നേരം 7ന് ആരംഭിച്ച സമ്മേളനത്തിൽ ബി.എൽ.എഫ് പ്രസിഡന്റ് ഡോ. സണ്ണി എഴുമറ്റൂർ അദ്ധ്യക്ഷത വഹിച്ചു. സുവി. ഷാജി മാത്യു ഹിമാചൽ പ്രദേശ് മുഖ്യസന്ദേശം നൽകി. ബ്രദർ പി.റ്റി. ഫിലിപ്പ് എബ്രായർ 2–ാം അദ്ധ്യായം അധികരിച്ച് ക്രിസ്തുവിന്റെ മഹത്വത്തെ വ്യത്യസ്ത ശൈലിയിലൂടെ വിഷയാവതരണം നടത്തി. സാജൻ തോമസ്, അനീഷ് തങ്കച്ചൻ, ഡോ. മാത്യു സൈമൺ, കൊച്ചുബേബി ഹ്യൂസ്റ്റൺ, സാംകുട്ടി എബ്രഹാം എന്നിവർ സ്വന്തം രചനകളെ പരിചയപ്പെടുത്തി. നിസി ഫിലിപ്പ്, കെ.വി. സൈമൺ ഗാനങ്ങൾ അവതരിപ്പിച്ചു. അലക്സാണ്ടർ ദാനിയേൽ, സാം ജോൺ, സാമുവേൽ തോമസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. കൊച്ചുബേബി ഹ്യൂസ്റ്റൺ സ്വാഗതവും ഡോ. മാത്യു വൈരമൺ കൃതജ്ഞതയും പ്രകാശിപ്പിച്ചു. ബൈബിൾ ലിറ്ററേച്ചർ ഫോറം പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

# നാഗൽ സായാഹ്നവും പുസ്തകപ്രകാശനവും


വി.നാഗൽ


കെ.വി. സാമുവേൽ

**റാന്നി:** ക്രൈസ്തവ കൈരളിക്ക് എഴുപതിൽപരം അതുല്യഗാനങ്ങൾ സമ്മാനിച്ച ജർമ്മൻ മിഷണറി വി. നാഗലിന്റെ തെരഞ്ഞെടുത്ത ഗാനങ്ങൾ ബ്രദറൺ എക്കോ അങ്കമാലി സമ്മാനിക്കുന്നു. സുനിൽ സോളമന്റെ സംഗീതം. ആലാപനം മാത്യു ജോൺ, ജെ.പി. രാജൻ തുടങ്ങിയവർ.

റാന്നി വളയനാട്ട് ഓഡിറ്റോറിയത്തിൽ മാർച്ച് 22 ശനി വൈകുന്നേരം 6 ന് നടക്കുന്ന ഗാനസന്ധ്യയിൽ സേലത്തിന്റെ മിഷണറി കെ.വി. സാമുവേലിന്റെ ജീവചരിത്രം 'വിശ്വാസപാതയിൽ വിശ്വസ്തനായി' പ്രകാശനം ചെയ്യും.

പ്രമുഖരായ കർത്തൃശുശ്രൂഷകർ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് ലിജോ വർഗീസ്–9846845856, ബിജു വർഗീസ്–9744521374.

# മലബാർ ഡിവിഷൻ ക്യാമ്പ് മലമ്പുഴയിൽ

സുവിശേഷകൻ ബാലസംഘം മലബാർ ഡിവിഷൻ ക്യാമ്പ് മലമ്പുഴ കമ്മ്യൂണിറ്റി സെന്ററിൽ ഫെബ്രുവരി 26, 27, 28 തീയതികളിൽ നടക്കും. മാനപാത്രമായിരിക്കുക എന്നതാണ് മുഖ്യചിന്താവിഷയം. പാലക്കാട് സെന്ററിന്റെയും മലമ്പുഴ സഭയുടെയും സഹകരണത്തിൽ നടക്കുന്ന ത്രിദിന ക്യാമ്പിൽ സഹോദരന്മാരായ പ്രൊഫ. പി. പി. സ്കറിയ, ജോർജ് മാത്യു, ബിനു സാമുവേൽ, സാമുവേൽ ഏബ്രഹാം എന്നിവർ പ്രധാന സന്ദേശങ്ങൾ നൽകും. മാതാപിതാക്കൾക്കും ലീഡേഴ്സിനും പങ്കെടുക്കാം.
**സാമുവേൽ തോമസ് (ഡിവിഷൻ സെക്രട്ടറി).**

## തിരുവനന്തപുരം സെന്റർ ക്യാമ്പ് ലോഗോസ് സെന്ററിൽ

**നെയ്യാറ്റിൻകര** ലോഗോസ് പാസ്റ്ററൽ സെന്ററിൽ സുവിശേഷകൻ ബാലസംഘം തിരുവനന്തപുരം സെന്റർ ക്യാമ്പ് ഏപ്രിൽ 14 മുതൽ 17 വരെ നടക്കും. നല്ലത് മുറുകെ പിടിപ്പിൻ എന്ന മുഖ്യചിന്താവിഷയത്തെ അധികരിച്ച് തോംസൺ ബി. തോമസ്, കെ. എൽ. ജോൺ പണിക്കർ, റജി കെ. തോമസ്, ജി. ധർമ്മരാജ്, ഗോഡ്സൻ വാലായിൽ, ജോഷ് ജോൺ, ഗോഡ്സൻ കൂട്ടമല എന്നിവർ ക്ലാസ്സുകൾ എടുക്കും.

# പാതിരപ്പള്ളിയിൽ സുവിശേഷക്യാമ്പ്

**പാതിരപ്പള്ളി (ആലപ്പുഴ)** സുവി. കെ. സി. രവിയുടെ പ്രവർത്തന സ്ഥലമായ പാതിരപ്പള്ളിയിൽ ജനുവരി 15, 16, 17 ദിവസങ്ങളിൽ അബ്ബാ മിനിസ്ട്രിയുടെ സഹകരണത്തിൽ സുവിശേഷക്യാമ്പ് നടന്നു. 10 സുവിശേഷകന്മാർ സഹകരിച്ചു. പരസ്യയോഗങ്ങൾ, ഭവനസന്ദർശനം എന്നിവ മുഖ്യ പരിപാടികൾ ആയിരുന്നു. 2011 ലാണ് പാതിരപ്പള്ളിയിൽ ആരാധനാ കൂടിവരവ് ആരംഭിച്ചത്. പ്രവർത്തന വിജയത്തിനായി പ്രാർത്ഥിച്ചാലും.
**കെ.സി. രവി, പോസ്റ്റ് ബോക്സ് 15, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ, 688521.**

## ബി.എസ്.പി.എസ്. ട്രാക്ടുകൾ ക്ഷണിക്കുന്നു

**കല്ലിശ്ശേരി:** ബൈബിൾ സാഹിത്യ പ്രവർത്തക സമിതി സുവിശേഷ പ്രവർത്തനങ്ങൾക്കായി ട്രാക്ടുകൾ അച്ചടിക്കുന്നു. ട്രാക്ടുകൾ എഴുതിയിട്ടുള്ളവർ പ്രസിദ്ധീകരണത്തിനായി അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കും.
**വിലാസം: എം.വി. ബാബു, മുളംപള്ളിൽ, കല്ലിശ്ശേരി പി.ഒ., ചെങ്ങന്നൂർ–689124.**

## കണമലയിൽ ബൈബിൾ ക്ലാസ്

**പമ്പാവാലി.** കണമല ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 7,8 തീയതികളിൽ ബൈബിൾ ക്ലാസ് നടന്നു. 9 ന് നടന്ന സഭായോഗത്തിൽ കനകപ്പലം മുക്കൂട്ടുതറ സഭകളും പങ്കെടുത്തു. ബ്രദർ പി. വി. ജയിംസ് വാളകം വചന ശുശ്രൂഷകൾ നിർവ്വഹിച്ചു.

## ബാലസംഘം പ്രയർവിജിൽ

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ജനറലിന്റെ മാസന്തോറും നടന്നുവരുന്ന പ്രാർത്ഥനാസമ്മേളനം പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ മാർച്ച് 7 വെള്ളി വൈകുന്നേരം നാലിന് നടക്കും. എസ്.ബി.എസ്. പ്രവർത്തകരും പ്രാർത്ഥനാസഹകാരികളും പങ്കെടുത്താലും.
**സി.എം.ചാക്കോ**

## എം. എം. സഖറിയയെ ആദരിക്കുന്നു.

മുതിർന്ന ബ്രദറൺ ഉപദേഷ്ടാവും പ്രവചന പണ്ഡിതനും ഗ്രന്ഥകാരനും പ്രഭാഷകനുമായ ബ്രദർ എം.എം. സഖറിയയെ ബൈബിൾ സാഹിത്യ പ്രവർത്തക സമിതി ആദരിക്കുന്നു.

പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി ഹാളിൽ മാർച്ച് 14 വെള്ളി 9.30 മുതൽ 1 വരെ ബി.എസ്. പി.എസിന്റെ നേതൃത്വത്തിൽ വിശേഷാൽ സമ്മേളനം നടക്കും.

ബ്രദറൺ സമൂഹത്തിലെ പ്രമുഖരായ കർതൃദാസന്മാർ ശുശ്രൂഷകൾ നിർവ്വഹിക്കും. സഹോദരീ സഹോദരന്മാർക്ക് പങ്കെടുക്കാം. BSPS

## പ്രവർത്തക സംഗമവും വി.ബി.എസ്. പാഠ്യ പദ്ധതി വിതരണവും

**ഗ്വാളിയർ:** വടക്കേ ഇന്ത്യയിലെ പ്രാദേശീക ഭാഷാ സുവിശേഷകന്മാരുടെ ത്രിദിന സംഗമം ഫെബ്രുവരി 26,27,28 തീയതികളിൽ ഗ്വാളിയർ എബനേസർ സ്കൂളിൽ വിവിധ പരിപാടികളോടെ നടക്കും. മുന്നൂറോളം പ്രവർത്തകർ പങ്കെടുക്കും. ഏബ്രഹാം തോമസ്, ഡോ. ജോൺസൻ സി. ഫിലിപ്പ്, രാജു കെ. തോമസ്, സനീഷ് ചെറിയാൻ എന്നിവർ ശുശ്രൂഷകൾ നിർവ്വഹിക്കും. 2014 ലെ ഹിന്ദി, ഒറിയ, ഭാഷകളിലുള്ള വി. ബി. എസ്.മെറ്റീരിയലുകൾ ക്യാമ്പിൽ വിതരണം ചെയ്യും.

ചർച്ചകൾ, ചോദ്യോത്തരങ്ങൾ, പഠനങ്ങൾ, പ്രായോഗീക നിർദ്ദേശങ്ങൾ, ഫലകരമായ ശുശ്രൂഷകൾക്കാവശ്യമുള്ള ക്ലാസ്സുകൾ, ശാന്തസമയം ഇവയ്ക്ക് അവസരം ലഭിക്കും. പി. സാംസൺ, ശേഷൻ ഏബ്രഹാം, രഞ്ജിത് ബാഗ് എന്നിവർ നേതൃത്വം നല്കും.

## ക്രിസ്തീയദർശനം അഡൽഫോയ് ന്യൂസിൽ

എല്ലാ മാസവും 20 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ അഡൽഫോയ് ന്യൂസിൽ ക്രിസ്തീയ ദർശനം ഡൗൺലോഡ് ചെയ്യാം, വായിക്കാം. adelphoinews@gmail.com

# പെണ്ണുക്കര ഇമ്മാനുവേൽ അസംബ്ലി സംഗീത സായാഹ്നം ഒരുക്കി



**കല്ലിശ്ശേരി:** പെണ്ണുക്കര ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ കല്ലിശ്ശേരിയിലും പരിസരങ്ങളിലുമുള്ള വിശ്വാസികൾക്കായ് സംഗീതസായാഹ്നം ഒരുക്കി. ഫെബ്രുവരി 15 ശനി വൈകുന്നേരം 6 മുതൽ 9 വരെ നടന്ന പരിപാടിയിൽ നിരവധി ദൈവമക്കൾ പങ്കെടുത്തു. സാംസൺ ചെങ്ങന്നൂർ, നിർമ്മലാ പീറ്റർ, ജെ.പി. രാജൻ, ഷെറിൻ പീറ്റർ, റിബേക്കാ രാജൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഗാനപശ്ചാത്തലവും ആശയവും ലഘുസന്ദേശങ്ങളും ബ്രദർ കുഞ്ഞുമോൻ തോട്ടപ്പള്ളി സദസ്സിന് സമ്മാനിച്ചു. സഹോദരന്മാരായ എ.വി. റോയി, എം.വി. ബാബു, എ.എം. തോമസ്, റ്റി. വർഗീസ്, എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. സ്ഥലം സഭ നിർമ്മിക്കുന്ന സഭാഹാളിന്റെ ധനശേഖരണാർത്ഥമാണ് സംഗീതസായാഹ്നം ഒരുക്കിയത്. ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS